# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആയവന ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി.8)1507/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 04/12/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആയവന ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആയവന ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആയവന ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി.8)1507/23 തീയ്യതി: 04/12/2023

# എറണാകുളം ജില്ലയിലെ ആയവന ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ആയവന ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-09-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 19-09-2023 | 27-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 19-09-2023 | 27-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. മരുൺ മാത്യു, ഓഡിറ്റ് ഓഫീസർ,
ശ്രീ. ഹരീഷ് ബാബു. എൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീ. അനീഷ് ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീമതി. സ്വപ്ന വി, ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സുറുമി അജീഷ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.ജയരാജ് പി എം | സെക്രട്ടറി | 01-04-2022 | 12-10-2022 |
| ശ്രീ സി വി പൗലോസ് | സെക്രട്ടറി | 13-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സിബി കൊന്താലം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 25-10-2022 |
| ശ്രീമതി ഹസീന പി മൊയ്തീൻ | അസിസ്റ്റന്റ് സെക്രട്ടറി | 26-10-2022 | 31-03-2023 |
| ശ്രീമതി.അഞ്ജു പോൾ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.വിക്കോ ജൂബിൻ വർഗ്ഗീസ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ.ശിവപ്രിയ | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 01-04-2022 | 31-03-2023 |
| ഡോ.മഞ്ജു | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 31-03-2023 |
| ശ്രീ. ഷിനോജ് വി എസ് | അസി:എഞ്ചിനീയർ | 01-04-2022 | 30-07-2022 |
| ശ്രീമതി ഷൈജ എസ് | അസി:എഞ്ചിനീയർ | 31-07-2022 | 20-09-2022 |
| ശ്രീ. ഷിനോജ് വി എസ് | അസി:എഞ്ചിനീയർ | 21-09-2022 | 31-03-2023 |
| ശ്രീമതി.ജിലൂഷിൽ തോമസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ. അഭിറാം കെ | വി ഇ ഒ കാലാമ്പൂർ | 01-04-2022 | 29-04-2022 |
| ശ്രീമതി ബിൻസിന എബ്രഹാം | വി ഇ ഒ കാലാമ്പൂർ | 30-04-2022 | 17-08-2022 |
| ശ്രീമതി രശ്മി എൻ നമ്പൂതിരി | വി ഇ ഒ കാലാമ്പൂർ | 18-08-2022 | 31-03-2023 |
| ശ്രീമതി.ദിവ്യ കെ പി | വി ഇ ഒ ഏനാനല്ലൂർ | 01-04-2022 | 27-07-2022 |
| ശ്രീമതി ഹീര പി ആർ | വി ഇ ഒ ഏനാനല്ലൂർ | 28-07-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി ആതിര ചന്ദ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി ജിനി പി വർഗീസ് | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി ഐഷ റസാഖ് | ഹെഡ്മിസ്ട്രസ് ഗവ. എൽപി സ്കൂൾ കാരിമറ്റം | 01-04-2022 | 31-03-2023 |

## ഉള്ളടക്കം

| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | Excess Of Income Over Expenditure പൊരുത്തപ്പെടുന്നില്ല | 1-1-1 |
| 3 | അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-2 |
| 4 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ അപാകത | 1-1-3 |
| 5 | സംയുക്ത പ്രോജക്റ്റിനായി ലഭിച്ച ഫണ്ടിന്റെ വിവരം ലഭ്യമാക്കിയില്ല | 1-1-4 |
| 6 | സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | ഹെൽത്ത് ഗ്രാന്റിന്റെ ചെലവ് പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | അധികം അടവാക്കിയ വെള്ളക്കരം മുൻകൂറായി ഉൾപ്പെടുത്തിയിട്ടില്ല | 1-1-7 |
| 9 | ഇ ടെൻഡർ ഫീ അക്കൗണ്ട് ചെയ്തില്ല | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം | 1-3 |
| 12 | ഫണ്ട് വിനിയോഗം | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്ഷേമ പദ്ധതികൾ | 1-7 |
| 16 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 18 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 19 | തനതു ഫണ്ട് സമാഹരണം- പൊതു അവലോകനം | 1-11 |
| 20 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല | 1-12 |
| 21 | രാജീവ് ഗാന്ധി സ്റ്റേഡിയം -വാടക ഈടാക്കേണ്ടതാണ് | 1-13 |
| 22 | മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല | 1-14 |
| 23 | ഉപയോഗക്രമം മാറ്റി വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നു | 1-15 |
| 24 | മെഡിക്കൽ ഓഫീസർ- പി.എച്ച്.സി നടപ്പിലാക്കിയ പദ്ധതികൾ -അപാകതകൾ | 1-16 |
| 25 | ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-17 |
| 26 | സാമൂഹിക സുരക്ഷാ പെൻഷൻ അനർഹർക്ക് വിതരണം ചെയ്തത്-തിരികെ ഈടാക്കിയിട്ടില്ല | 1-18 |
| 27 | സേവന ഉപനികുതി-ഈടാക്കിയിട്ടില്ല | 1-19 |

| | | |
|---|---|---|
| 28 | തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല | 1-20 |
| 29 | ഗുണഭോക്തൃസമിതിയ്ക്ക് കൈമാറിയ കുടിവെള്ള പദ്ധതിയുടെ മെയിന്റനൻസ് നടത്തി | 1-21 |
| 30 | താൽക്കാലിക നിയമനത്തിലെ അപാകത | 1-22 |
| 31 | പൊതുടാപ്പുകളുടെ വെള്ളക്കരം-അപാകത | 1-23 |
| 32 | മനസ്സോടിത്തിരി മണ്ണ്-ഫെഡറൽ ബാങ്ക് നൽകിയ സ്ഥലം ലൈഫ് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടില്ല | 1-24 |
| 33 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ-പൂർത്തീകരിച്ചിട്ടില്ല | 1-25 |
| 34 | പ്രൊക്യൂർമെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല | 1-26 |
| 35 | കോക്ലിയർ ഇംപ്ലാന്റേഷൻ -അനുബന്ധ ഉപകരണങ്ങൾക്ക് തുക അടവാക്കൽ-വിനിയോഗവിവരം ലഭ്യമല്ല. | 1-27 |
| 36 | കടത്ത് സർവ്വീസ് - സുരക്ഷ ഉറപ്പുവരുത്തണം | 1-28 |
| 37 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ സമയബന്ധിതമായി വിനിയോഗിക്കാതെ പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു | 1-29 |
| 38 | ഉപയോഗിക്കാത്ത ഗ്രാന്റുകളുടെ തിരിച്ചടവ് - വിശദീകരണം ലഭ്യമാക്കിയില്ല | 1-30 |
| 39 | ക്രൂസിന് വാർഷിക വരിസംഖ്യ നൽകുന്നു -ഗ്രാമപഞ്ചായത്തിന് പ്രയോജനമൊന്നും ലഭിക്കുന്നില്ല | 1-31 |
| 40 | തുക തിരികെ അടവാക്കിയിട്ടില്ല | 1-32 |
| 41 | കുടിവെള്ള പദ്ധതികൾ-നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്തൃ സമിതിയ്ക്ക് കൈമാറിയിട്ടില്ല | 1-33 |
| 42 | ഇ-ടെണ്ടർ പൂർണ്ണമായും ലഭിച്ചിട്ടില്ല | 1-34 |
| 43 | വാഹനം ലേലം ചെയ്യുന്നതിന് തുടർ നടപടികൾ സ്വീകരിച്ചില്ല | 1-35 |
| 44 | സ്കൂൾ ബസ്-നിഷ്ക്രിയാസ്തിയായി തുടരുന്നു | 1-36 |
| 45 | വയോജനങ്ങൾക്ക് ഡിജിറ്റൽ ലിറ്ററസി പരിശീലന പരിപാടി- സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പിലാക്കി | 1-37 |
| 46 | റോഡ് പുനർ നിർമ്മിച്ച് നൽകിയിട്ടില്ല | 1-38 |
| 47 | വിട്ട് കിട്ടിയ ഭൂമി പോക്കുവരവ് ചെയ്ത് ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-39 |
| 48 | ഡെപ്പോസിറ്റ് തുകകൾ മുതൽക്കൂട്ടിയിട്ടില്ല | 1-40 |
| 49 | അഡ്വാൻസ് തുകകൾ സമയബന്ധിതമായി ക്രമീകരിക്കുന്നില്ല | 1-41 |
| 50 | ഡെപ്പോസിറ്റ് പ്രവൃത്തി അവലോകനം | 1-42 |
| 51 | ഓഡിറ്റ് ഇംപാക്ട് | 1-43 |


ഭാഗം **2**

--- No Records Found ---

ഭാഗം **3**

--- No Records Found ---

## ഭാഗം 4


| | | |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികളുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |


## അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 22.07.2023 ലെ 1(1) -ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 24.07.2023-ാം തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ആയവന ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.
2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.
3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ആയവന ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കാക്കനാട്

തീയതി : 04/12 /2023 ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 Excess Of Income Over Expenditure പൊരുത്തപ്പെടുന്നില്ല

B-1 ഷെഡ്യൂളിലെ Excess Of Income Over Expenditure (310900101) എന്ന ശീർഷകത്തിന്റെ നീക്കിയിരുപ്പ്, മുന്നിരുപ്പ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള Gross Surplus/Deficite എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-2 അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്)) പ്രകാരം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

### 1-1-3 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ അപാകത

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹ 3892232.00 . ആണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹ 1747187.00 ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച

സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-4 സംയുക്ത പ്രോജക്ടിനായി ലഭിച്ച ഫണ്ടിന്റെ വിവരം ലഭ്യമാക്കിയില്ല

വാർഷിക ധനകാര്യപത്രിക മുൻവർഷങ്ങളിൽ സംയുക്ത പ്രോജക്ടിനായി ലഭിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ജില്ല പഞ്ചായത്ത് വിഹിതം ഏതെല്ലാം പ്രോജക്ടുകൾക്കായി ലഭിച്ചിട്ടുള്ളതാണെന്ന വിവരം ലഭ്യമാക്കിയില്ല

### 1-1-5 സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-6 ഹെൽത്ത് ഗ്രാന്റിന്റെ ചെലവ് പൊരുത്തപ്പെടുന്നില്ല

പ്രോജക്ട് നം. 131, 132 എന്നിവയുടെ സുലേഖ പ്രകാരമുള്ള ചെലവും, പിഎഫ്എംഎസ് പത്രിക പ്രകാരമുള്ള . ഹെൽത്ത് ഗ്രാന്റിന്റെ ചെലവും തമ്മിൽ യഥാക്രമം 66027/-, 2485/- രൂപയുടെ വ്യത്യാസമുണ്ട്.

### 1-1-7 അധികം അടവാക്കിയ വെള്ളക്കരം മുൻകൂറായി ഉൾപ്പെടുത്തിയിട്ടില്ല

ഗ്രാമപഞ്ചായത്ത് വെള്ളക്കരമിനത്തിൽ കേരള വാട്ടർ അതോറിറ്റിക്ക് അധികം അടവാക്കിയ തുക വാർഷിക കണക്കുകളിൽ മുൻകൂറായി ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-8 ഇ ടെൻഡർ ഫീ അക്കൗണ്ട് ചെയ്തില്ല

2022-23 വർഷത്തിൽ ഇ ടെൻഡർ ഫീ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുണ്ടായിരുന്ന തുക I 9 ഷെഡ്യൂളിൽ അദർ ഇൻകം ഹെഡിൽ ഡിമാന്റ് ഇട്ട് അക്കൗണ്ട് ചെയ്തിട്ടില്ല.

## 1-2 ബജറ്റ്

ആയവന ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള ബജറ്റ് 26.03.2022 ലെ 1 -ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ട്. 24.03.2023 ലെ 1(1) -ാം നമ്പർ തീരുമാന പ്രകാരം ബജറ്റ് റിവൈസ് ചെയ്തിട്ടുണ്ട്.

| | ബജറ്റ് എസ്റ്റിമേറ്റ് (തീരുമാനം 1/1 തീയതി 26.03.2022) | റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് (തീരുമാനം 1/1 തീയതി 24.03.2023) |
|---|---|---|
| മുന്നിരുപ്പ് | ₹ 10,05,611.00 | ₹ 10,05,611.00 |
| വരവ് | ₹ 12,11,45,000.00 | ₹ 13,32,32,837.00 |
| ചെലവ് | ₹ 12,11,17,800.00 | ₹ 13,31,72,107.00 |
| നീക്കിയിരുപ്പ് | ₹ 10,32,811.00 | ₹ 10,66,341.00 |

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 214 ൽ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ബജറ്റ് നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും വിധേയമായി തയ്യാറാക്കുന്നതിനും ആയതിന് അനുമതി നൽകുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരുപ്പ് | : | ₹9098480.00 |
| ഓഡിറ്റ് വർഷത്തെ വരവ് | : | ₹ 36819481.00 |
| ആകെ | : | ₹ 45917961.00 |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ചെലവ് | : | ₹ 32927249.00 |
| നീക്കിയിരുപ്പ് | : | ₹ 12990712.00 |

ഓഡിറ്റ് വർഷത്തെ ആകെ വരവ് ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വരവുകൾ തുടർന്ന് വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാതെ ലാപ്സായ തുക | നീക്കിയിരുപ്പ് തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | - | ₹14874600 | ₹14874600 | ₹13903889 | ₹970711 | - |
| വികസന ഫണ്ട് (എസ്.സി.പി) | - | ₹3444000 | ₹3444000 | ₹3289161 | ₹154839 | - |
| വികസന ഫണ്ട് (ടി.എസ്.പി) | - | ₹129384 | ₹129384 | -₹108195 | ₹21189 | - |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | - | ₹7506000 | ₹7506000 | ₹7499994 | ₹6006 | - |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | - | ₹4570000 | ₹4570000 | ₹4343069 | ₹226931 | - |
| ധനകാര്യ കമ്മീഷൻ അവാർഡ് (Basic Grant) Bank | ₹75212 | ₹2485658 | ₹2560870 | ₹2317698 | - | ₹243172 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Basic Grant) Treasury | - | ₹221058 | ₹221058 | ₹220710 | ₹348 | - |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) Bank | ₹1467587 | ₹3555000 | ₹5022587 | ₹4098671 | - | ₹923916 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) Treasury | - | ₹1130876 | ₹1130876 | ₹1128665 | ₹2211 | - |
| അനുപൂരക പോഷകാഹാരം 320100196 | ₹423 | ₹1198288 | ₹1198711 | ₹706968 | | ₹491743 |
| വിമുക്തി 320400199 | ₹33410 | | | | | ₹33410 |

| | | | | | | |
|---|---|---|---|---|---|---|
| സോളിഡ് വേസ്റ്റ് മാനേജ്മെന്റ് 320200304 | ₹4591 | | | | | ₹4591 |
| Health Grant – Support For Diagnostic Infrastructure 320100202 | ₹ | ₹182115 | ₹182115 | ₹145869 | | ₹36246 |
| Health Grant – Convertion Of PHCs To Wellness Centres 320100204 | ₹ | ₹55744 | ₹55744 | ₹55000 | | ₹744 |
| ജനകീയ ഭവനപദ്ധതി 320300199 | ₹509427 | ₹10034 | ₹519461 | 0 | | ₹519461 |
| ലൈഫ് സ്റ്റേറ്റ് ഷെയർ 320200399 | ₹645403 | ₹300000 | ₹945403 | ₹900000 | | ₹45403 |
| ടോട്ടൽ സാനിട്ടേഷൻ 320300103 | ₹77706 | 0 | ₹77706 | 0 | | ₹77706 |
| ടോട്ടൽ സാനിട്ടേഷൻ 320100181 | ₹417677 | 0 | ₹417677 | 0 | | ₹417677 |
| പിബിഐജി 320100199 | ₹576715 | 0 | ₹576715 | ₹576715 | | 0 |

കുറിപ്പ്:

- വികസന ഫണ്ട് ജനറൽ വരവിലും ചെലവിലും ഉത്ഭവത്തിൽ കുറവ് ചെയ്ത് ജി.ഒ. പ്രോജക്റ്റ് പ്രകാരം ക്രമീകരിച്ച ₹1383624/- ഉൾപ്പെടുന്നുണ്ട്.
- വികസന ഫണ്ട് എസ്.സി.പി. വരവിലും ചെലവിലും ഉത്ഭവത്തിൽ കുറവ് ചെയ്ത് ജി.ഒ. പ്രോജക്റ്റ് പ്രകാരം ക്രമീകരിച്ച ₹463926/- ഉൾപ്പെടുന്നുണ്ട്.
  വികസന ഫണ്ട് ടി.സി.പി. വരവിലും ചെലവിലും ഉത്ഭവത്തിൽ കുറവ് ചെയ്ത് ജി.ഒ. പ്രോജക്റ്റ് പ്രകാരം ക്രമീകരിച്ച ₹28616/- ഉൾപ്പെടുന്നുണ്ട്.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 148 | ₹88841923.00 | ₹50920934.00 | 135 | 2 | 11 | 91.21 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | ₹423 | ₹744027 | ₹744450 | ₹743700 | ₹750 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | - | ₹15664652 | ₹15664652 | ₹15664652 | - |
| ആകെ | ₹423 | ₹16408679 | ₹16409102 | ₹16408352 | ₹750 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | ₹2987600 | 278 |
| വിധവാപെൻഷൻ | ₹75046004 | 803 |
| വാർദ്ധക്യകാല പെൻഷൻ | ₹18336800 | 1653 |
| വികലാംഗപെൻഷൻ | ₹ 2694200 | 242 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | ₹497000 | 45 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | ₹210000 | 7 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.09.2023 തീയതിയിൽ ഉച്ചയ്ക്ക് 3.00 P.M സമയത്ത് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ₹4670 ന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണസംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലകളിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് ബോധ്യപ്പെടുന്നു.

1) സ്റ്റോക്കിന്റെയും സ്റ്റോറിന്റെയും ഭൗതിക പരിശോധന, മൂല്യ നിർണ്ണയം നടത്തുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ സ്റ്റോക്കിന്റെയും സ്റ്റോറിന്റെയും മൂല്യ നിർണ്ണയം നടത്തി അക്കൗണ്ട് ചെയ്തിട്ടില്ല.

2) അഡ്വാൻസുകൾ യഥാസമയം ക്രമീകരിക്കപ്പെടുന്നുവെന്ന് ഉറപ്പു വരുത്താവുന്ന തരത്തിലുള്ള സംവിധാനം നിലവിലില്ല.

വിവിധ അഡ്വാൻസുകൾ യഥാസമയം ക്രമീകരിക്കപ്പെടുന്നുവെന്ന് ഉറപ്പു വരുത്താവുന്ന തരത്തിലുള്ള സംവിധാനം നിലവിലില്ല. ഇക്കാര്യം ഉറപ്പു വരുത്താൻ ആധാരമാക്കാവുന്ന രീതിയിൽ അല്ല അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടുള്ളത്.

3) സ്ഥിരാസ്തികളുടെ ഭൗതിക പരിശോധനകൾ നടത്തുന്നില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ വർഷാന്ത്യത്തിലും സെക്രട്ടറി സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സെക്രട്ടറി സ്വീകരിച്ചിട്ടില്ല.

4) പ്രതിമാസ അക്കൗണ്ട്സുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഓഡിറ്റ് ചെയ്യുന്നില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 60 പ്രകാരം പ്രതിമാസ റസീറ്റ് ആൻഡ് പേമെന്റ്സ് അക്കൗണ്ട് നിശ്ചിത ഫോറത്തിൽ തയ്യാറാക്കി സെക്രട്ടറി അടുത്ത മാസം 10-ാം തിയതിക്ക് മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. പ്രസ്തുത മാസാന്ത്യ പത്രിക ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഓഡിറ്റ് ചെയ്യേണ്ടതാണ്. എന്നാൽ ഈ നടപടികൾ സ്വീകരിച്ചിട്ടില്ല.

5) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രതിമാസ കണക്കുകൾ പഞ്ചായത്ത് മീറ്റിംഗിൽ സമർപ്പിക്കുന്നില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 60 പ്രകാരം സെക്രട്ടറി സമർപ്പിക്കുന്ന പ്രതിമാസ റസീപ്റ്റ് ആൻഡ് പേയ്മെന്റ്സ് അക്കൗണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കുകയും ഓഡിറ്റ് ചെയ്യുകയും ചെയ്ത ശേഷം കമ്മിറ്റിയുടെ ശുപാർശയോടു കൂടി തുടർന്നു വരുന്ന പഞ്ചായത്ത് മീറ്റിംഗിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സമർപ്പിക്കേണ്ടതാണ്. എന്നാൽ ഈ നടപടികൾ സ്വീകരിച്ചിട്ടില്ല.

6) വിവിധ ഗ്രാന്റുകളുടെ വരവ് ചെലവ് കണക്കുകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നില്ല.

7) ഡെപ്പോസിറ്റ് പ്രവൃത്തികളിന്മേൽ മോണിട്ടറിംഗ് നടത്തുന്നില്ല. അവയുടെ പൂർത്തീകരണം ഉറപ്പാക്കിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.02.2021 | 01.02.2020 മുതൽ 31.03.2021 വരെ | 09.08.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.06.2016 മുതൽ 11.07.2016 വരെ | 2011-2012 മുതൽ 2015-16 വരെ | 10.08.2016 |

## 1-11 തനതു ഫണ്ട് സമാഹരണം- പൊതു അവലോകനം

ബഹു ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകൾ പ്രകാരം എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തുന്നതിന സർക്കാർ നിർദ്ദേശമുണ്ട് (തദ്ദേശ സ്വയംഭരണ (എ.എ) നം.3/45/2022; 22.12.2022 ).

1. സ.ഉ.25/2023/തസ്വഭവ; 05.04.2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ വിവിധ ഇനം കെട്ടിടങ്ങൾക്കും അതിന്റെ ഉപവിഭാഗങ്ങൾക്കുമുള്ള അടിസ്ഥാന വസ്തു നികുതി നിരക്കിന്റെ കുറഞ്ഞതും കൂടിയതുമായ പരിധി നിർണ്ണയിച്ച് സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. പുതുക്കിയ വസ്തുനികുതി നിരക്ക് പ്രാബല്യത്തിൽ വരുന്ന തീയതി 01.04.2023 മുതലാണ്. ഇപ്രകാരം പുതുക്കിയ പരിധിയിൽ നിന്ന് ആയവന ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന വസ്തു നികുതി നിരക്ക് നിശ്ചയിച്ച് ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതും അന്തിമ വിജ്ഞാപനം 17.4.2023 ലെ തീരുമാനം നം.3(1) ആയി പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചിട്ടുള്ളതുമാണ്. നിലവിൽ പുതുക്കിയ നിരക്കിലല്ല സഞ്ചയ സോഫ്റ്റ്‌വെയറിൽ വസ്തു നികുതി ഈടാക്കുന്നത്. നിലവിലുള്ള കെട്ടിടങ്ങൾക്ക് 5% കൂട്ടിയ നികുതിയാണ് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡിമാന്റ് ചെയ്യുന്നത്. ഊർജ്ജിത വസ്തു നികുതി പിരിവുമായി ബന്ധപ്പെട്ട് 20.1.2023 മുതൽ 4.2.2023 വരെയുള്ള തീയതികളിൽ ഗ്രാമപഞ്ചായത്തിലെ 1 മുതൽ 14 വരെയുള്ള വാർഡുകളിൽ ക്യാമ്പ് കളക്ഷൻ നടത്തി നികുതി പിരിച്ചെടുത്തിട്ടുണ്ട്.

2. 2011 ലെ കേരള ഗ്രാമപഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 പ്രകാരമുള്ള ഫോറം-10 ൽ അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കി വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണെന്ന നിർദ്ദേശിച്ചിട്ടുണ്ട്. ചട്ടം 20(2) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് കെട്ടിട നമ്പർ നൽകേണ്ടത് U.A എന്ന രേഖപ്പെടുത്തേണ്ടതും അനധികൃതനിർമ്മാണം കണ്ടെത്തിയ വർഷവും രേഖപ്പെടുത്തേണ്ടതാണ്. അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട രജിസ്റ്റർ സഞ്ചയയിൽ (സോഫ്റ്റ് കോപ്പി) സൂക്ഷിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിൽ ക്രമവൽക്കരണവുമായി ബന്ധപ്പെട്ട് രജിസ്റ്റർ സൂക്ഷിച്ച് കാലതാമസം കൂടാതെ അപേക്ഷകളിൽ നടപടിയെടുക്കുന്നുണ്ട്.

3) തൊഴിൽ നികുതി അടക്കുവാൻ ബാധ്യസ്ഥരായ മുഴുവൻ ആളുകളുടേയും സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

4) പഞ്ചായത്ത് വക രാജീവ് ഗാന്ധി സ്റ്റേഡിയം കാലാമ്പൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന ന്യൂ മൈത്രി ആട്സ് &സ്പോർട്സ് ക്ലബിന് അഖില കേരള ഫുഡ്ബോൾ മേള സംഘടിപ്പിക്കുന്നതിന് 28.12.2022 മുതൽ 29.1.2023 വരെ വാടകക്ക് നൽകുന്നതിന് 14.6.2022 ലെ ജനറൽ കമ്മറ്റിയിൽ തീരുമാനം നമ്പർ 1 ആയി തീരുമാനിച്ച് വാടകക്ക് നൽകിയെങ്കിലും വാടക ഈടാക്കാതെ സൗജന്യമായാണ് സംഘാടകർക്ക് പരിപാടി സംഘടിപ്പിക്കുന്നതിന് സ്റ്റേഡിയം നൽകിയിട്ടുള്ളത്. പൊതുവെ തനതു വരുമാനം കുറഞ്ഞ പഞ്ചായത്തായതിനാൽ ഇപ്രകാരമുള്ള പരിപാടികൾ സംഘടിപ്പിക്കുമ്പോൾ സംഘാടകരിൽ നിന്നും വാടക നിർബന്ധമായും ഈടാക്കേണ്ടതാണ്.

5. FTEI&OS വകുപ്പ് 232 പ്രകാരം ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ല. 9.6.2022 ലെ പഞ്ചായത്ത് കമ്മറ്റിയിലെ തീരുമാനം നമ്പർ 6 ആയി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ കടമുറികൾക്കും ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങളുടെ ലൈസൻസ് എടുപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ആയതു പ്രകാരം ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ട് സമാഹരണവുമായി ബന്ധപ്പെട്ട് മുകളിൽ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-12 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.വിശദ വിവരം ചുവടെ ചേർക്കുന്നു

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം/ ഈടാക്കാത്ത കാലയളവ് |
|---|---|---|
| 1 | വിന്റർ ബ്ലൂ ഇന്റർനാഷനൽ, | 4/രണ്ടാം അർദ്ധവർഷം |
| 2 | എ സ്ക്വയർ എന്റർപ്രൈസസ് | 3/രണ്ടാം അർദ്ധവർഷം |
| 3 | ടെസ്സ് | 3/രണ്ടാം അർദ്ധവർഷം |
| 4 | സെയിൻ ഫുഡ്സ് | 2/രണ്ടാം |

| | | |
|---|---|---|
| | | അർദ്ധവർഷം |
| 5 | പോസ്റ്റ് ഓഫീസ്,കാവക്കാട് | 2/ഒന്നാം അർദ്ധവർഷം |
| 6 | നീഡിൽ ക്രാഫ്റ്റ് ഗാർമെന്റ്സ്&ടെയിലേഴ്സ് | 5/ഒന്നാം അർദ്ധവർഷം |
| 7 | ശ്രീഭദ്ര ബേക്കറി | 1/ഒന്നാം അർദ്ധവർഷം |
| 8 | ആൽഫ ട്രാൻസ്ഫോർമേഴ്സ&ആക്സെസ്സറീസ് | 2/ഒന്നാം അർദ്ധവർഷം |
| 9 | മണപ്പുഴ ആപ്കോസ് | 1/രണ്ടാം അർദ്ധവർഷം |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.12/20.9.2023) ലഭ്യമായ മറുപടിയിൽ മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-13 രാജീവ് ഗാന്ധി സ്റ്റേഡിയം -വാടക ഈടാക്കേണ്ടതാണ്

പഞ്ചായത്ത് വക രാജീവ് ഗാന്ധി സ്റ്റേഡിയം കാലാമ്പൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന ന്യൂ മൈത്രി ആർട്സ് & സ്പോർട്സ് ക്ലബിന് അഖില കേരള ഫുട്ബോൾ മേള സംഘടിപ്പിക്കുന്നതിന് 28.12.2022 മുതൽ 29.1.2023 വരെ വാടകക്ക് നൽകുന്നതിന് 14.6.2022 ലെ ജനറൽ കമ്മറ്റിയിൽ തീരുമാനം നമ്പർ 1 ആയി തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ വാടകയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനക്കായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/20.9.2023) ലഭ്യമാക്കിയ മറുപടിയിൽ രാജീവ് ഗാന്ധി സ്റ്റേഡിയം ഫുട്ബോൾ മേള സംഘടിപ്പിക്കുന്നതിനായി പഞ്ചായത്ത് കമ്മറ്റി തീരുമാന പ്രകാരം നൽകിയെങ്കിലും വാടക ഈടാക്കിയിട്ടില്ല എന്നും തുടർന്ന് ഇത് പോലുള്ള പരിപാടികൾ സംഘടിപ്പിക്കുമ്പോൾ വാടക നിശ്ചയിക്കുന്നതിന് ആവശ്യമായ തീരുമാനമെടുക്കുന്നതിന് പഞ്ചായത്ത് കമ്മറ്റിയോട് ശുപാർശ ചെയ്യുന്നതാണെന്നും മറുപടി ലഭ്യമായിട്ടുണ്ട്. പൊതുവെ തനതു വരുമാനം കുറഞ്ഞ പഞ്ചായത്തായതിനാൽ ഇപ്രകാരമുള്ള പരിപാടികൾ സംഘടിപ്പിക്കുമ്പോൾ സംഘാടകരിൽ നിന്നും വാടക നിർബന്ധമായും ഈടാക്കേണ്ടതാണ്. സ്റ്റേഡിയത്തിൽ സംഘടിപ്പിക്കുന്ന ഇത്തരം പരിപാടികളിൽ നിന്നും ഭരണസമിതി കമ്മറ്റി തീരുമാനമെടുത്ത് വാടക നിശ്ചയിച്ച് ഈടാക്കേണ്ടതും രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതുമാണ്.

## 1-14 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ താഴെ കൊടുത്തിരിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | മൊബൈൽ ടവറിന്റെ പേര്/നം. | ഈടാക്കാത്ത കാലയളവ് /തുക |
|---|---|---|
| 1 | ബി.എസ്.എൻ.എൽ, കടുംപിടി/ 2/343 | 2013 ഒന്നാം അർദ്ധവർഷം മുതൽ – 2023 രണ്ടാം അർദ്ധവർഷം വരെ/ 130534 |
| 2 | ഡിഷ്നെറ്റ് വയർലസ്സ് ലിമിറ്റഡ്/ 9/350 C | 2022 ഒന്നാം അർദ്ധവർഷം മുതൽ- 2023 രണ്ടാം അർദ്ധവർഷം വരെ/ 51660 |

മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.34/26.9.2023) ലഭ്യമായ മറുപടിയിൽ മേൽ മൊബൈൽ

ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. റവന്യൂ റിക്കവറിയുടെ തുടർ വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-15 ഉപയോഗക്രമം മാറ്റി വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നു

വസ്തു നികുതി രജിസ്റ്റർ പ്രകാരം സന്തോഷ്. സി.എസ്, രാധിക എന്നീ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള 12/136 B ാം നമ്പർ കെട്ടിടത്തിന് 160.35 ച.മീറ്റർ വിസ്തീർണ്ണമാണുള്ളത് . ടി സ്ഥാപനത്തിന് ലൈസൻസ് രജിസ്റ്റർ(നം.58) പ്രകാരം വെൽഡിംഗ് വർക്ക് ഷോപ്പ് നടത്തുന്നതിനായാണ് 2022-23 കാലയളവിൽ ലൈസൻസ് പുതുക്കിയിട്ടുള്ളത്. ഈ സ്ഥാപനത്തിന് 2 ലക്ഷം രൂപ മൂലധന നിക്ഷേപമുള്ളതും 2 HP യന്ത്രസാമഗ്രികൾ ഉപയോഗിച്ച് പ്രവർത്തിക്കുന്നതുമാണ്. ടി കെട്ടിടത്തെ ഇതരവ്യവസായ ആവശ്യത്തിനുള്ളവയുടെ ഗണത്തിൽപ്പെടുത്തി ച.മീറ്ററിന് 60/- രൂപ നിരക്കിൽ വസ്തുനികുതി നിർണ്ണയിക്കേണ്ടതിനു പകരം സഞ്ചയയിൽ മേൽ സ്ഥാപനത്തെ വ്യവസായ ആവശ്യത്തിനുള്ളവ - കൈത്തൊഴിൽ ഷെഡ് ഗണത്തിൽ ഉൾപ്പെടുത്തി 2021 മുതൽ ചതുരശ്രമീറ്ററിന് 20 രൂപ നിരക്കിലാണ് വസ്തുനികുതി ഈടാക്കിയിരിക്കുന്നത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | വിസ്തീർണ്ണം | ഈടാക്കിയ വസ്തു നികുതി (ച.മീറ്ററിന് 20 രൂപ നിരക്കിൽ) (10%ഇളവ്, 5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) സഞ്ചയസോഫ്റ്റ് വെയർ പ്രകാരം | ഈടാക്കേണ്ട വസ്തു നികുതി (ച.മീറ്ററിന് 60 രൂപ നിരക്കിൽ) (10%ഇളവ്, 5%ലൈബ്രറി സെസ്സ് ഉൾപ്പെടെ) | ഈടാക്കിയതിൽ കുറവ് |
|---|---|---|---|---|
| 12/136B | 160.35(ച.മീ) | 160.35*20=3207<br>3207-321=2886<br>2886+144=3030/- | 160.35*60=9621<br>9621-962=8659<br>8659+433=9092/- | 9092-3030=6062/- |

മേൽ കെട്ടിടത്തിന്റെ വസ്തു നികുതി കുറവായി ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.35/26.9.2023) ലഭ്യമാക്കിയ മറുപടിയിൽ കുറവുവന്ന വസ്തുനികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ബാക്കിയുള്ള വസ്തു നികുതി ഈടാക്കി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

1-16 മെഡിക്കൽ ഓഫീസർ- പി.എച്ച്.സി നടപ്പിലാക്കിയ പദ്ധതികൾ -അപാകതകൾ

മെഡിക്കൽ ഓഫീസർ പി.എച്ച്.സി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1)

| | |
|---|---|
| പദ്ധതിയുടെ പേര് /നം . | പി.എച്ച്.സി യിലെ വൈദ്യുതി ചാർജ്, വാട്ടർ ചാർജ്, ടെലഫോൺ ചാർജ് അടവാക്കൽ, 107/2022-23 |
| അടങ്കൽ തുക | 100000/- (മെയിന്റനൻസ് ഫണ്ട്, റോഡിതരം) |
| ചെലവു തുക /യു.റ്റി.ആർ.നം /തീയതി | 56071/- RBI0822367048306/22.3.2023 |

പദ്ധതി പ്രകാരം നിർവഹണോദ്യോഗസ്ഥൻ പി.എച്ച്.സി യിലെ വിവിധ കണ്ടിജന്റ് ചെലവുകൾക്കായി ₹56,071/- ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ നിന്നും ₹54,000/- യുടെ ചെലവുരേഖകൾ പരിശോധനക്കായി ലഭ്യമായിട്ടുണ്ട്. ബാക്കി ₹2071/- യുടെ ചെലവു രേഖകൾ

പരിശോധനക്കായി ലഭിച്ചിട്ടില്ല.

2)

| | |
|---|---|
| പദ്ധതിയുടെ പേര്/നം . | ഇ-ഹെൽത്ത് ഗ്രാന്റ് -ഡയഗ്നോസ്റ്റിക് ഇൻഫ്രാ സ്ട്രക്ചർ റൂറൽ, 131/2022-23 |
| അടങ്കൽ തുക | 179875/- |
| ചെലവു തുക /ബിൽ നം/തീയതി | ആകെ- 145869/-<br>1) 34392/-, 104/9.11.2022<br>2) 45450/-, 127/30.11.2022<br>3) 12447/-, 334/9.03.2023<br>4) 16744/-, 383/18.03.2023<br>5) 36836/-, 411/24.03.2023 |

ഫയൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

1) ₹45,450/- ചെലവഴിച്ച് താഴത്തു വീട്ടിൽ ട്രേഡേഴ്സ്, കോതമംഗലം (ഇൻവോയിസ് നം.917/28.11.2022) എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയ ആംഡ് ചെയർ വിർജിൻ (10എണ്ണം), അലമാര (2എണ്ണം), കൗണ്ടർ ചെയർ (2എണ്ണം), ചെസ്റ്റ് ട്രോളി (11 എണ്ണം) എന്നിവ ലഭ്യമായതിന്റെ ബിൽ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ആയത് സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2) ₹12,000/- ചെലവഴിച്ച് പിട്ടാപ്പിള്ളിൽ ഏജൻസീസ്, മൂവാറ്റുപുഴ (ഇൻവോയിസ് നം.MVPZ-F5SI3384, തീയതി 28.3.2023) എന്ന സ്ഥാപനത്തിൽ നിന്നും കൂളർ ജെറ്റ് ടവർ -ടവർ ഫാൻ (2 എണ്ണം) വാങ്ങിയിട്ടുണ്ട്. ആയതിന്റെ ബിൽ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3) ₹34,392/- ചെലവഴിച്ച് എ.ബി ഡയഗ്നോസ്റ്റിക്സ്, മൂവാറ്റുപുഴ എന്ന സ്ഥാപനത്തിൽ നിന്നും വിവിധ ആശുപത്രി ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ബില്ലുകളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു

| ക്രമ നം. | ഇൻവോയിസ് നം./തീയതി/തുക |
|---|---|
| 1 | 1) B2C/0093/21-22,17.4.21-4845 |
| 2 | 2) B2C/00315/21-22,17.5.21-791 |
| 3 | 3) B2C/01669/21-22,21.9.21-9579 |
| 4 | 4) B2C/00835/21-22,8.7.21-4321 |
| 5 | B2C/02255/21-22,13.11.21-845 |
| 6 | B2C/02255/21-22,13.11.21-7385 |
| 7 | B2C/03090/21-22,18.1.22-851 |
| 8 | B2C/03630/21-22,2.3.22-5795 |

ലഭ്യമായ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കൂടാതെ എ.ബി ഡയഗ്നോസ്റ്റിക്സ് എന്ന സ്ഥാപനത്തിൽ നിന്നും സാധനങ്ങൾ വാങ്ങിയിരിക്കുന്നത് ക്വട്ടേഷൻ ക്ഷണിക്കാതെയാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/25.9.2023) ലഭ്യമാക്കിയ മറുപടിയിൽ ക്രമ നം.1 പ്രകാരമുള്ള വാട്ടർ ചാർജ് ഇനത്തിലുള്ള 2071/- രൂപയുടെ ഇൻവോയിസും അസ്സൽ ബില്ലും ട്രഷറിയിൽ സമർപ്പിച്ചാണ് മാറിയത് എന്നും എന്നാൽ ഇതിന്റെ പകർപ്പ് നാളിതുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്നും എത്രയും വേഗം കണ്ടെത്തി ഓഡിറ്റിൽ ലഭ്യമാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ബിൽ പരിശോധനക്കായി ലഭ്യമാക്കുന്നതു വരെ 2071 /- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ക്രമ നം.2 ലെ 1,2,3 ബില്ലുകൾ പ്രകാരം വാങ്ങിയ സാധനങ്ങൾ ഡി.ഡി.എം.എസിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണെന്നും സർവർ തകരാറുമൂലം ആയതിന്റെ പകർപ്പ് എടുത്ത് ഹാജരാക്കുന്നതിന് സാധിക്കുന്നില്ല എന്നും അറിയിച്ചിട്ടുണ്ട്. സാധനങ്ങൾ ലഭ്യമായതിന്റെ രേഖകൾ സ്റ്റോക്ക് രജിസ്റ്റർ സഹിതം പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

എ.ബി.സി ഡയഗ്നോസ്റ്റിക്സ് എന്ന സ്ഥാപനത്തിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കാതെ ലാബ് റീഏജന്റ്സ്

വാങ്ങിയത് അംഗീകരിക്കുന്നില്ല. കുറഞ്ഞ നിരക്കിലാണ് ടി സ്ഥാപനത്തിൽ നിന്നും സാധനങ്ങൾ ലഭ്യമായിട്ടുള്ളതെന്നും ടി സ്ഥാപനത്തിൽ നിന്നും വാങ്ങിയതു മൂലം സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടില്ല എന്നുമുള്ള മറുപടി അംഗീകരിക്കാവുന്നതല്ല. ക്വട്ടേഷൻ ക്ഷണിക്കാതെ സാധനങ്ങൾ വാങ്ങിയതിനു ശേഷം നഷ്ടം സംഭവിച്ചിട്ടില്ല എന്ന മറുപടി അംഗീകരിക്കാവുന്നതല്ല. 2010 ലെ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ.(പി)നം.259/2010/തസ്വഭവ തീയതി 08.11.2010 പ്രകാരം ₹5000/- മുതൽ -₹25,000/- വരെയുള്ള പർച്ചേസിന് നിർബന്ധമായും ക്വട്ടേഷൻ നടപടികൾ സ്വീകരിക്കേണ്ടതും ₹25,000/- ന മുകളിൽ ടെന്റർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-17 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

2022-23 സാമ്പത്തിക വർഷത്തിൽ ആയുർവേദ മെഡിക്കൽ ഓഫീസർ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര്/നം | ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ /20/22-23 |
| അടങ്കൽ തുക | ₹3,00,000/- (മെയിന്റനൻസ് ഫണ്ട്, റോഡിതരം) |
| ചെലവ് തുക | 300000/-(മെയിന്റനൻസ് ഫണ്ട്, റോഡിതരം) |
| /യു.റ്റി.ആർ നം./ തീയതി | RBI0462397511842/14.2.2023 |

മേൽ ബിൽ പ്രകാരം നിർവഹണോദ്യോഗസ്ഥൻ ₹3,00,000/- മരുന്നുകൾ വാങ്ങുന്നതിനായി ഹോംകോക്ക്, ആലപ്പുഴ നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ നിന്നും ഇൻവോയിസ് നമ്പർ LF1813/9.2.2023 പ്രകാരം ₹1,04,630/-യുടെ മരുന്നുകൾ ലഭ്യമായി സ്റ്റോക്കിലെടുത്തിട്ടുണ്ട്. ബാക്കി ₹1,95,370/-യുടെ മരുന്നുകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/20.9.2023) മറുപടി ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ സ്റ്റോക്ക് രജിസ്റ്ററും മറ്റ് അനുബന്ധരേഖകളും സഹിതം പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. അതുവരെ ₹1,95,370/- യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-18 സാമൂഹിക സുരക്ഷാ പെൻഷൻ അനർഹർക്ക് വിതരണം ചെയ്തത്-തിരികെ ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ സുരക്ഷാപെൻഷൻ വിതരണം ചെയ്തതിൽ താഴെപ്പറയുന്ന അപാകതകൾ ഉണ്ട്. അനർഹരായ 19 ഗുണഭോക്താക്കൾക്ക് വാർദ്ധക്യകാല പെൻഷൻ വിതരണം ചെയ്തു എന്ന് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 23.05.2022 ലെ 12-1 തീരുമാനത്തിൽ നിന്നും വ്യക്തമാണ്. പഞ്ചായത്ത് ഡയറക്ടറുടെ 07.05.2022 ലെ PAN/5904/2022-DB-2(p)കത്തിൽ റബ്ബർ സബ്സിഡി ലഭിക്കുന്ന 2 ഏക്കറിൽ അധികം ഭൂമിയുള്ള മേൽപ്പറഞ്ഞ 19 ഗുണഭോക്താക്കളുടെ സാമൂഹിക സുരക്ഷാപെൻഷൻ റദ്ദ് ചെയ്ത് ആയതിന്റെ വിവരം അറിയിക്കുവാൻ ഗ്രാമപഞ്ചായത്തിനോട് ആവശ്യപ്പെട്ടിരുന്നു. അനർഹരായ ഈ ഗുണഭോക്താക്കളിൽ നിന്നും പെൻഷൻ തുക തിരികെ ഈടാക്കിയതിന്റെ വിവരവും, റദ്ദാക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരവും അറിയിക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.22/23.09.2023) മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ ശ്രീ ജോർജ്ജ് എം വി എന്ന ഗുണഭോക്താവ് മരണപ്പെട്ടതിനാലും, ശ്രീ കുര്യാക്കോസ് വർക്കി എന്ന ഗുണഭോക്താവിന്റെ വരുമാന സർട്ടിഫിക്കറ്റിലെ വരുമാനം കൂടുതലായതിനാലും രണ്ടു പേരുടെയും പെൻഷൻ സസ്പെൻഡ് ചെയ്തിട്ടുള്ളതായി അറിയിച്ചു. ബാക്കിയുള്ള 17 പേർക്ക് കത്ത് നൽകിയെങ്കിലും മറുപടിയൊന്നും ലഭിച്ചിട്ടില്ലാത്തതുമാണ്. ആയതിനാൽ അനർഹരായ ഈ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ തിരികെ ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 സേവന ഉപനികുതി-ഈടാക്കിയിട്ടില്ല

തനത് ഫണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് തൻവർഷം സ്ട്രീറ്റ് ലൈറ്റിന്റെ വൈദ്യുതിചാർജ്ജിനത്തിൽ ആകെ ₹8,22,398/- കെ.എസ്.ഇ.ബിയിൽ അടവാക്കിയിട്ടുണ്ട്. മേൽ തുക 2022-23 വർഷത്തെ ആകെ വസ്തുനികുതി ഡിമാന്റ് തുകയായ ₹41,39,478/- യുടെ 19.87% തുകയാണ്. 1994 ലെ പഞ്ചായത്ത് രാജ് നിയമം 200(2) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് തെരുവ് വിളക്ക്, കുടിവെള്ള വിതരണ സേവനങ്ങൾ ഏർപ്പെടുത്തിയിടത്തെല്ലാം സേവന നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഇപ്രകാരമുള്ള സേവനങ്ങൾക്ക് വസ്തുനികുതിയെ ആധാരമാക്കി സേവന ഉപനികുതി ചുമത്താവുന്നതാണെന്ന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. അതിനാൽ തെരുവ് വിളക്ക്, കുടിവെള്ള വിതരണ സേവനങ്ങൾ ഏർപ്പെടുത്തിയ പ്രദേശത്തിലോ/ഏതെങ്കിലും പ്രദേശങ്ങളിലോ ചട്ടപ്രകാരം സേവന ഉപനികുതി പിരിയ്ക്കാതിരുന്നതിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ടിതിന് (ഓഡിറ്റ് എൻക്വയറി നം.22/22.09.2023) ലഭിച്ച മറുപടിയിൽ സേവന ഉപനികുതി പിരിയ്ക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാം എന്ന് അറിയിച്ചു. എത്രയും വേഗം സേവന ഉപനികുതി പിരിയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് അധികാരികൾ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-20 തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല

12.03.2013-ലെ സർക്കുലർ നം.65529/ഡി.സി.3/2012 ത.സ്വ.ഭ.വ. പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോട് കൂടിയ ഓട്ടോമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനുള്ള സാങ്കേതിക സഹായം കെ.എസ്.ഇ.ബി നൽകുന്നതും ഇതിന് ആവശ്യമായ തുക കെ.എസ്.ഇ.ബി-യിൽ പഞ്ചായത്ത് ഒടുക്കേണ്ടതുമാണ്. എന്നാൽ മീറ്റർ ഘടിപ്പിക്കാത്ത തെരുവ് വിളക്കുകൾക്ക് വൈദ്യുതി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിലല്ല മറിച്ച് തെരുവ് വിളക്കുകൾക്കായി ഉപയോഗിച്ച് വരുന്ന ബൾബുകളുടെ തരം, എണ്ണം, Burning Hours എന്നിവയുടെ അടിസ്ഥാനത്തിൽ നിരക്ക് നിശ്ചയിച്ച് കെ.എസ്.ഇ.ബി നൽകുന്ന ബിൽ പ്രകാരമാണ് ഗ്രാമപഞ്ചായത്ത് വൈദ്യുതി ചാർജ്ജ് ഒടുക്കി വരുന്നത്. ആകസ്മിക കാരണങ്ങളാൽ പ്രവർത്തനക്ഷമമല്ലാതെ വരുന്ന തെരുവ് വിളക്കുകൾക്കും പഞ്ചായത്ത് വൈദ്യുതി ചാർജ്ജ് അടവാക്കേണ്ട സാഹചര്യം ഉണ്ടാവുന്നത് ഒഴിവാക്കുവാനും അടയ്ക്കുന്ന വൈദ്യുതി ചാർജ്ജിന്റെ കണക്കുകളിൽ കൃത്യത കൈവരിക്കുവാനും മീറ്ററിംഗ് സംവിധാനം അനിവാര്യമാണ്.

ഗ്രാമപഞ്ചായത്ത് പരിധിയിലെ എല്ലാ തെരുവ് വിളക്കുകൾക്കും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.08/20.09.2023) ലഭിച്ച മറുപടിയിൽ നിലാവ് പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ മുഴുവൻ പരമ്പരാഗത തെരുവ് വിളക്കുകളും മാറ്റി എൽ ഇ ഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിലൂടെ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കുകയുണ്ടായി. ആയതിനാലാണ് തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്താത്തതെന്നാണ് അറിയിച്ചത്. എന്നാൽ ഉപയോഗിക്കുന്ന വൈദ്യുതിയുടെ കൃത്യമായ വിവരം മനസ്സിലാക്കുന്നതിന് മീറ്ററിംഗ് സംവിധാനം അനിവാര്യമാണ്. ആയതിനാൽ നിലാവ് പദ്ധതിയുടെ ഭാഗമായി തെരുവ് വിളക്കുകൾ സ്ഥാപിച്ചാലും എല്ലാ എൽ ഇ ഡി ലൈറ്റുകൾക്കും മീറ്റർ സ്ഥാപിക്കേണ്ടതാണ്.

## 1-21 ഗുണഭോക്തൃസമിതിയ്ക്ക് കൈമാറിയ കുടിവെള്ള പദ്ധതിയുടെ മെയിന്റനൻസ് നടത്തി

സർക്കാർ ഉത്തരവ് (സാധാ)1275/2009/ത.സ്വ.ഭ.വ തീയതി 30.05.2009 പ്രകാരം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, സംരക്ഷണം എന്നിവ ഗുണഭോക്തൃസമിതി രൂപീകരിച്ച് ആയവരെ ഏൽപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പ്രകാരം ഗ്രാമപഞ്ചായത്തിലെ 5-ാം വാർഡിൽ സിദ്ധൻപടി കുടിവെള്ള പദ്ധതി ഗുണഭോക്തൃ സമിതിയ്ക്ക് ഏൽപ്പിച്ച് നൽകിയിട്ടുമുണ്ട്. എന്നാൽ ഈ കുടിവെള്ള പദ്ധതിയുടെ അറ്റകുറ്റപ്പണിയ്ക്കായി തൻവർഷം 425586/16.06.2022 ലെ ചെക്ക് പ്രകാരം

₹11,825/- ഗുണഭോക്തൃസമിതി കൺവീനറായ ശ്രീ ഫിലിപ്പ്.എം.ജെ യ്ക്ക് തനതു ഫണ്ടിൽ നിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്. ഗുണഭോക്തൃ സമിതി കൺവീനർക്ക് ഈ തുക നൽകിയതിന്റെ കാരണം വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.09/20.09.2023) മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ സ്ഥാപിച്ചിരിക്കുന്ന വാട്ടർ ടാങ്കിന്റെ ഉയരക്കുറവ് പരിഹരിക്കുന്നതിനായിട്ടുള്ള അറ്റകുറ്റപ്പണിയാണ് നടത്തിയിട്ടുള്ളതെന്ന് അറിയിച്ചു. സർക്കാർ ഉത്തരവ് പ്രകാരം ഗുണഭോക്തൃസമിതിയ്ക്ക് കൈമാറിയ ഈ കുടിവെള്ള പദ്ധതിയുടെ മെയിന്റനൻസ് പ്രവൃത്തികൾ വീണ്ടും ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടുപയോഗിച്ച് നടപ്പാക്കിയത് ശരിയായ നടപടിയല്ല. ഗുണഭോക്തൃ സമിതികളെ ഏൽപ്പിച്ച കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണികൾ ഗുണഭോക്തൃ സമിതികൾ തന്നെ നിർവ്വഹിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. അധികാരികളുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-22 താൽക്കാലിക നിയമനത്തിലെ അപാകത

ഗ്രാമപഞ്ചായത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ താൽക്കാലിക അടിസ്ഥാനത്തിൽ നിയമനം നടത്തി തനത് ഫണ്ടിൽ നിന്നും തുക വിനിയോഗിച്ചതായി ഓഡിറ്റ് പരിശോധനയിൽ വ്യക്തമാവുകയുണ്ടായി. സർക്കാർ ഉത്തരവ് (അച്ചടി) നം.81/2019 ധന 09.07.2019 പ്രകാരം സർക്കാർ അംഗീകാരമില്ലാത്ത തസ്തികകളിൽ ദിവസവേതന അടിസ്ഥാനത്തിലുള്ള നിയമനം നടത്തേണ്ട സാഹചര്യം വരികയാണെങ്കിൽ സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. സർക്കാർ അംഗീകൃത തസ്തികകളിൽ അടിയന്തിര ഘട്ടങ്ങളിൽ പരമാവധി 90 ദിവസംവരെയുള്ള ദിവസ വേതന നിയമനം വകുപ്പ് മേധാവിക്ക് നടത്താവുന്നതാണ്. ഈ കാലാവധിക്ക് പുറത്ത് ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് സർക്കാർ അംഗീകൃത തസ്തികകളാണെങ്കിലും സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്.

സർക്കാർ നിയന്ത്രണത്തിലുള്ള പൊതുസ്ഥാപനങ്ങളിൽ, കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ പരിധിയിൽ വരാത്ത ഒഴിവുകളിലേക്ക് 1959 ലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് (കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ്) ആക്റ്റിന് വിധേയമായി മാത്രമേ നിയമനം നടത്താവൂ എന്ന നിയമവും ഇക്കാര്യത്തിൽ പാലിക്കപ്പെട്ടിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ അംഗീകൃത തസ്തികകളുടെ വിവരം, ഈ അംഗീകൃത തസ്തികകളുടെ എണ്ണം, ഇവയിൽ ഒഴിവുണ്ടായിരുന്നവയുടെ എണ്ണം, കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽ ഒഴിവുണ്ടായിരുന്ന ജീവനക്കാരുടെ എണ്ണം, താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിന് വകുപ്പ് മേധാവിയുടെയോ സർക്കാരിന്റെയോ അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ ആയതും ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ നടത്തിയ താൽക്കാലിക നിയമനം സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

എ) കാവ്യ പി എസ്(ഫാർമസിസ്റ്റ്), ജൂബീന എം ജെ (ലാബ് ടെക്നീഷ്യൻ)

ബി) റംലത്ത് ടി എം, ഹോമിയോ ആശുപത്രി, അറ്റൻന്റർ

അപാകതകൾ വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.05/20.09.2023) മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. സർക്കാർ അനുമതിയില്ലാതെ താൽക്കാലിക നിയമനങ്ങൾ നടത്തുന്നത് ഒഴിവാക്കേണ്ടതാണ്. നിലവിൽ മേൽപ്പറഞ്ഞ ജീവനക്കാർ സേവനത്തിൽ തുടരുന്നുണ്ടെങ്കിൽ സർക്കാർ ഉത്തരവിന് വിധേയമായി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 പൊതുടാപ്പുകളുടെ വെള്ളക്കരം-അപാകത

പൊതു ടാപ്പുകളുടെ 2022 ജൂൺ വരെയുള്ള കുടിശ്ശിക ₹16,274,647/-യും, പിഴപ്പലിശ ₹3,19,289/-യുമാണ്. മുൻവർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിയിൽ തനത് ഫണ്ടിൽ നിന്നും അടവാക്കിയതും, സ്രോതസ്സിൽ നിന്നും കിഴിവ് വരുത്തിയതും ഉൾപ്പെടെ ₹41,71,529/-അധികമായി അടവാക്കിയതായി 14.06.2022 ലെ എസ് സി 3-575/2022 നമ്പർ കത്തിൽ വാട്ടർ അതോറിറ്റിയെ അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ തുക നാളിതു വരെ ക്രമീകരിക്കുകയോ, തുടർന്നുള്ള വെള്ളക്കരത്തിൽ കുറവ് വരുത്തുകയോ

ചെയ്തിട്ടില്ല. അലോട്ട്മെന്റ് തുകകൾ കുറവ് വരുത്തുന്നത് കാരണവും, തനത് ഫണ്ടിൽ നിന്നും വലിയ തുക വാട്ടർ അതോറിറ്റിയിൽ അടവാക്കുന്നത് മൂലവും തനത് വരുമാനം വളരെ കുറവായ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളെയും, വാർഷിക പദ്ധതിയുടെ നിർവ്വഹണത്തേയും ഇത് ഗുരുതരമായി ബാധിക്കുന്നതാണ്.

ഗ്രാമപഞ്ചായത്തിൽ പൊതുടാപ്പുകളുടെ വെള്ളക്കരം കണക്കാക്കുന്നതിന് 318 പൊതുടാപ്പുകൾ പ്രവർത്തിക്കുന്നതായാണ് കേരള വാട്ടർ അതോറിറ്റി കണക്കാക്കിയിരിക്കുന്നത്. വെള്ളക്കരം ഇനത്തിലുള്ള അധിക ബാധ്യത കുറയ്ക്കുന്നതിന്, ഉപയോഗശൂന്യമായ പൊതുടാപ്പുകളുടെ എണ്ണം കുറയ്ക്കുക എന്നത് മാത്രമാണ് ഏക മാർഗ്ഗം. ജലജീവൻ മിഷൻ പ്രകാരം ഗാർഹിക കണക്ഷനുകൾ വിവിധ വാർഡുകളിലെ ഉപയോക്താക്കൾക്ക് അനുവദിച്ചപ്പോൾ ഉപയോഗ ശൂന്യമായ 294 പൊതു ടാപ്പുകൾ വിച്ഛേദിക്കുന്നതിനും, ആംനസ്റ്റി പദ്ധതിയിൽ ഉൾപ്പെടുത്തി വാട്ടർ ചാർജ്ജ് കുടിശ്ശിക അധികമായി അടച്ചത് ക്രമീകരിക്കുന്നതിനും വാട്ടർ അതോറിറ്റിയോട് ഗ്രാമപഞ്ചായത്ത് 01.08.2023 ലെ എസ് സി 1-825/22 നമ്പർ കത്തിൽ അഭ്യർത്ഥിച്ചിരുന്നു. എന്നാൽ നാളിതു വരെയും വാട്ടർ അതോറിറ്റി പൊതു ടാപ്പുകൾ വിച്ഛേദിക്കുകയോ, അധികമായി അടച്ച തുക ക്രമീകരിക്കുകയോ ചെയ്തിട്ടില്ല. മേൽ അപാകതകൾക്ക് ഉചിതമായ വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.06/20.09.2023) നൽകിയതിന് മറുപടി ലഭിച്ചില്ല. ഉപയോഗശൂന്യമായ പൊതു ടാപ്പുകൾ എത്രയും വേഗം വിച്ഛേദിക്കേണ്ടതും, ക്രമീകരിക്കുവാനുള്ള തുക ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-24 മനസ്സോടിത്തിരി മണ്ണ്-ഫെഡറൽ ബാങ്ക് നൽകിയ സ്ഥലം ലൈഫ് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടില്ല

കേരളത്തിലെ അർഹരായ എല്ലാവർക്കും സുരക്ഷിത ഭവനം എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയാണ് ലൈഫ്. ലൈഫ് മിഷന്റെ ഭൂരഹിത ഭവന രഹിത ഗുണഭോക്താക്കൾക്കായി ഭൂമി കണ്ടെത്തുന്നതിനുള്ള ക്യാമ്പയിനാണ് "മനസ്സോടിത്തിരി മണ്ണ്" (സ.ഉ.(എം.എസ്)147/22/തസ്വഭവ തീ.08.07.22) എന്നത്. ആയതിന്റെ ഭാഗമായി ആയവന ഗ്രാമപഞ്ചായത്തിൽ ഫെഡറൽ ബാങ്കിന്റെ ഉടമസ്ഥതയിലുള്ള ഏനാനെല്ലൂർ വില്ലേജിലെ 519/1A, 519/B, 519/2-2, 524/3, 524/4 സർവ്വേ നമ്പരിലുള്ള രണ്ടര ഏക്കർ (101.171 ആർ) സ്ഥലം സൗജന്യമായി ഗ്രാമപഞ്ചായത്തിന് വിട്ടു നൽകിയിട്ടുണ്ട്. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 14.02.2022 ലെ എൽ.എം5/13/ലൈഫ്/2022(2) കത്ത് പ്രകാരം ഈ ഭൂമിയുടെ രജിസ്ട്രേഷൻ നടപടികൾ വേഗത്തിലാക്കുന്നതിനും, ഗുണഭോക്താക്കൾക്ക് കൈമാറുന്നതിനും നിർദ്ദേശിച്ചിരുന്നു. എന്നാൽ 524/3,524/4 സർവ്വേ നമ്പരിലുള്ള ഒരേക്കർ ഭൂമിയിൽ സർവ്വേ നമ്പരുമായി ബന്ധപ്പെട്ട് തർക്കമുള്ളത് സംബന്ധിച്ച കേസ് മുൻസിഫ് കോടതിയിൽ നിലനിൽക്കുന്നതിനാൽ ആയതിന്റെ അന്തിമ തീർപ്പിന് വിധേയമായി മാത്രമേ ഈ സ്ഥലം കൈമാറാൻ കഴിയൂവെന്ന് 05.03.2022 ൽ ഗ്രാമപഞ്ചായത്ത് ലൈഫ് മിഷൻ ജില്ലാ കോർഡിനേറ്റർക്ക് അയച്ച A4-639/22 നമ്പർ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ബാക്കിയുള്ള ഒന്നര ഏക്കർ സ്ഥലം അളന്ന് തിരിച്ച് സ്കെച്ച് ലഭ്യമാക്കുന്നതിനായി മൂവാറ്റുപുഴ താലൂക്ക് സർവ്വേയറോട് 18.04.2022 ൽ എ4-639/23 കത്ത് മുഖേന ആവശ്യപ്പെടുകയുണ്ടായി. രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ച ഈ ഒന്നര ഏക്കർ സ്ഥലം ഭൂരഹിതരായ എല്ലാ ഗുണഭോക്താക്കൾക്കും നൽകുവാൻ തീരുമാനിച്ചു. നിലവിൽ ഈ സർവ്വേ നമ്പരിലുള്ള സ്ഥലം എല്ലാ ഗുണഭോക്താക്കൾക്കും വിതരണം ചെയ്തതിന്റെ വിവരം നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി(നം.16/21.09.2023) നൽകിയതിന് മറുപടി ലഭിച്ചില്ല. ഭൂരഹിതരായ എല്ലാ ഗുണഭോക്താക്കൾക്കും സ്ഥലം കൈമാറുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-25 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ-പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നം. | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ, 35/23 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 42000/-(തനത് ഫണ്ട്) |
| ചെലവ് വിവരം | 15000/-(ചെക്ക്നമ്പർ-613293/29.12.22) |

തദ്ദേശ സ്ഥാപനങ്ങളുടെ ആസ്തികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനായി റോഡ് കണക്ടിവിറ്റി മാപ്പിങ്ങ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഡാറ്റാ കളക്ഷന് സഹായം നൽകുന്നതിനാണ് ഈ പദ്ധതി നടപ്പിലാക്കിയത്. ശ്രീ.അഖിൽ.പി.കെ എന്ന വ്യക്തിയ്ക്കാണ് പദ്ധതി പ്രകാരം ₹15,000/- അനുവദിച്ചത്. ഈ വ്യക്തിയുമായി പദ്ധതി നടത്തിപ്പ് സംബന്ധിച്ച് കരാറിൽ ഏർപ്പെട്ടിട്ടില്ല. പദ്ധതി ഏത് വിധത്തിൽ നടപ്പിലാക്കണമെന്ന് എവിടെയും വ്യക്തമാക്കിയിട്ടില്ല. പഞ്ചായത്ത് ഡയറക്ടറുടെ 31.10.2022 ലെ PAN/3173/21-JI(DP) നമ്പർ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരം R-track ഡാറ്റാ കളക്ഷൻ പ്രോസസ് പൂർത്തിയാക്കിയിട്ടില്ല. പദ്ധതി പ്രകാരം റോഡ് കണക്ടിവിറ്റി മാപ്പിന്റെ ഹാർഡ് കോപ്പി അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി സെക്രട്ടറി മുമ്പാകെ ഹാജരാക്കേണ്ടതുമായിരുന്നു. ഈ നടപടികൾ പാലിച്ചതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.14/20.09.2023) മുഖാന്തിരം ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. ഡാറ്റാ കളക്ഷൻ പ്രോസസ് എത്രയും വേഗം പൂർത്തീകരിച്ച് റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-26 പ്രൊക്യൂർമെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല

സർക്കാർ ഉത്തരവ് ജി.ഒ.(പി)259/2010/എൽ.എസ്.ജി.ഡി തീയതി 08.10.2010 പ്രകാരം സാധനസാമഗ്രികളും സേവനങ്ങളും തദ്ദേശസ്ഥാപനങ്ങൾ സമാഹരിക്കുന്നതിന്റെ പ്രഥമ നടപടിയായി ഓരോ തദ്ദേശസ്ഥാപനവും അതിന്റെ അനുബന്ധ സ്ഥാപനങ്ങളും ഒരു സാമ്പത്തിക വർഷം സമാഹരിക്കുവാൻ ഉദ്ദേശിക്കുന്ന മൊത്തം സാധനസാമഗ്രികളുടെയും സേവനങ്ങളുടെയും വാർഷിക പ്രൊക്യൂയർമെന്റ് പ്ലാനിംഗ് സാമ്പത്തിക വർഷാരംഭത്തിന് മുമ്പായി പ്രൊക്യൂയർമെന്റ് കമ്മിറ്റി രൂപീകരിച്ച് തയ്യാറാക്കേണ്ടതാണ്. അപ്രകാരം ചെയ്യുമ്പോൾ സമാഹരിക്കുന്നതിന് ഉദ്ദേശിക്കുന്ന സാധന സാമഗ്രികളുടെയും സേവനങ്ങളുടെയും ആവശ്യകതയും പ്രായോഗികതയും ഉപയോഗ തുടർച്ചയും മുൻഗണനയും കാര്യക്ഷമതയും പൂർണ്ണമായി ഉറപ്പാക്കുകയും ചെയ്യേണ്ടതാകുന്നു എന്ന് ഉത്തരവ് നിഷ്കർഷിക്കുന്നു. എന്നാൽ, രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്തും അതിന്റെ അനുബന്ധ സ്ഥാപനങ്ങളും സാധനസാമഗ്രികളുടെയും സേവനങ്ങളുടെയും വാർഷിക പ്രൊക്യൂയർമെന്റ് പ്ലാൻ തൻവർഷം തയ്യാറാക്കിയിട്ടില്ല. നടപ്പ് വർഷം മുതൽ ആയത് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-27 കോക്ലിയർ ഇംപ്ലാന്റേഷൻ -അനുബന്ധ ഉപകരണങ്ങൾക്ക് തുക അടവാക്കൽ-വിനിയോഗവിവരം ലഭ്യമല്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ/പേര് | 125/23<br>ശ്രവണ സഹായ ഉപകരണങ്ങളുടെ റിപ്പയറിംഗ് ചാർജ്ജ് – നല്കൽ. |
| അടങ്കൽ | 100000/- വികസന ഫണ്ട്-ജനറൽ |
| ചെലവ് | 100000/ – വികസന ഫണ്ട്-ജനറൽ |

| | |
|---|---|
| ബിൽ നം | 221020252014100871550/6-12-2022, 100,000/- |

മേൽ പദ്ധതി പ്രകാരം രണ്ട്കുട്ടികളുടെ കോക്ലിയർ ഇംപ്ലാന്റേഷനു ശേഷമുള്ള സഹായ ഉപകരണങ്ങളുടെ മെയിന്റനൻസിനായി ഒരു കുട്ടിയ്ക്ക് ₹50,000/- വീതം ഒരു ലക്ഷം രൂപ കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉപകരണങ്ങൾ മെയിന്റനൻസ് നടത്തിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 26-9-23 ലെ എൻക്വയറി നം 36ന് മറുപടി ലഭ്യമാക്കിയില്ല. സോഷ്യൽ സെക്യൂരിറ്റി മിഷനിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവ് തുകയായ ₹1,00,000/- തടസ്സപ്പെടുത്തുന്നു. സോഷ്യൽ സെക്യൂരിറ്റി മിഷനിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

## 1-28 കടത്ത് സർവ്വീസ് - സുരക്ഷ ഉറപ്പുവരുത്തണം

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന കീച്ചേരിക്കടവിൽ കടത്തു സർവ്വീസാണ് നിലവിലുള്ളത്. ഇവിടെ കടത്ത് ജോലി ചെയ്യുന്നയാൾക്ക് പ്രതിമാസം ₹15,000/- നിരക്കിൽ തനത് ഫണ്ടിൽ നിന്നും കൂലി ഇനത്തിൽ നൽകുന്നുണ്ട്. കടത്തു ജോലി ചെയ്യുന്ന വ്യക്തിയുമായി പഞ്ചായത്ത് കരാറിലേർപ്പെട്ട വിവരം, കടത്തു വള്ളത്തിന് നിശ്ചിത ഇടവേളകളിൽ നടത്തുവാൻ നിഷ്കർഷിച്ചിട്ടുള്ള ഫിറ്റ്നെസ് പരിശോധനകൾ, കടത്തു വഞ്ചികളിലെ ഓരോ യാത്രക്കാർക്കും ലൈഫ്ജാക്കറ്റ് പോലുള്ള സുരക്ഷാ മാനദണ്ഡങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ എന്നിങ്ങനെയുള്ള വിവരങ്ങൾ ഹാജരാക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.10/20.09.2023) മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ കടത്തുകാരനുമായി എഗ്രിമെന്റ് വെച്ചിട്ടുള്ള വിവരം അറിയിക്കുകയുണ്ടായി. കൂടാതെ നിശ്ചിത ഇടവേളകളിൽ ഫിറ്റ്നെസ് പരിശോധനകൾ നടത്താറുണ്ടെന്നും അറിയിച്ചു. എന്നാൽ ആവശ്യമായ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോയെന്നതിന് മറുപടി ലഭിച്ചില്ല. കടത്തു വഞ്ചിയിലെ എല്ലാ യാത്രികർക്കും സുരക്ഷ ഉറപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ സമയബന്ധിതമായി വിനിയോഗിക്കാതെ പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ ബാലൻസ് ഷീറ്റ് പ്രകാരം 31.03.2022-ൽ ചുവടെ കൊടുത്തിരിക്കുന്ന ഹെഡുകളിൽ നീക്കിയിരിപ്പ് ഉണ്ട്.

| ക്രമ നം. | ഹെഡ് | തുക ₹ |
|---|---|---|
| 1 | 320100181 | 417677/- |
| 2 | 320200204 | 4591/- |
| 3 | 320300103 | 77706/- |
| 4 | 320400199 | 33410/- |
| ആകെ | | 533384/- |

വിവിധ പ്രോജക്ടുകൾക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, വകുപ്പുകൾ, മറ്റ് സ്ഥാപനങ്ങൾ വിവിധ വർഷങ്ങളിൽ അനുവദിച്ച തുകയാണ് ചെലവഴിക്കാതെ പഞ്ചായത്ത് വിവിധ അക്കൗണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്നു. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കുന്നില്ലാത്തതിനാൽ തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ല. മേൽ തുകകളുടെ വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസി-യുടെ വിവരം, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം,

തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ബാദ്ധ്യത ശീർഷകത്തിൽ നിന്നും ഒഴിവാക്കി ഇൻകം ശീർഷകത്തിലേയ്ക്ക് മാറ്റി അക്കൗണ്ട് ക്രമീകരിക്കേണ്ടതാണ്.

1-30 ഉപയോഗിക്കാത്ത ഗ്രാന്റുകളുടെ തിരിച്ചടവ് - വിശദീകരണം ലഭ്യമാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക ധനകാര്യ പത്രികയിലെ B9 ഷെഡ്യൂൾ പ്രകാരം Refunds Of Unutilised Grants Prior Period എന്ന ശീർഷകത്തിൽ ₹1,36,454/- അക്കൗണ്ട് ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ജോയിന്റ് വെഞ്ചർ ടിഎസ്ബി അക്കൗണ്ടിൽ നിന്നും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക ഗുണഭോക്താവിന്റെ അക്കൗണ്ടിൽ ക്രെഡിറ്റാവാതെ ട്രഷറി സസ്പെൻസ് അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്തിന്റെ ജോയിന്റ് വെഞ്ചർ ടിഎസ്ബി അക്കൗണ്ടിൽ തന്നെ EPOC (Electronic Process Of Clearing Bills) ആയി ലഭിച്ച തുകയാണിത്. ടി തുക ഏത് പ്രോജക്റ്റിന്റെ ഭാഗമായി റീഫണ്ടായി ലഭിച്ചതാണെന്നും, ആയത് ബന്ധപ്പെട്ട ഗുണഭോക്താവിന്റെ കൃത്യമായ അക്കൗണ്ടിലേക്ക് നൽകുന്നതിന് നടപടി സ്വീകരിക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 30/25.09.23) മറുപടി ലഭിച്ചില്ല. ടി തുക ഏത് പ്രോജക്റ്റിന്റെ ഭാഗമായി റീഫണ്ടായി ലഭിച്ചതാണെന്ന് പരിശോധിച്ച് ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-31 ക്രൂസിന് വാർഷിക വരിസംഖ്യ നൽകുന്ന -ഗ്രാമപഞ്ചായത്തിന് പ്രയോജനമൊന്നും ലഭിക്കുന്നില്ല

കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിക്ക് (ക്രൂസ്) വാർഷിക വരിസംഖ്യയായി ₹2000/- നൽകുന്നതിന് സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലും കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും ഗ്രാമപഞ്ചായത്ത് കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിയിൽ വാർഷിക വരിസംഖ്യ എന്ന ഇനത്തിൽ ഓഡിറ്റ് വർഷം താഴെ ചേർക്കും പ്രകാരം ₹2000/- അടവാക്കിയിട്ടുണ്ട്.

ക്രൂസിന്റെ ജനറൽ കൗൺസിലിലേക്കും ഡയറക്ടർ ബോർഡിലേക്കും ഉള്ള ഗ്രാമപഞ്ചായത്ത് പ്രതിനിധികളുടെ തെരഞ്ഞെടുപ്പിൽ വാർഷിക വരിസംഖ്യ അടച്ച പഞ്ചായത്തുകളിലെ ജനപ്രതിനിധികൾക്ക് മാത്രമാണ് മൽസരിക്കാൻ കഴിയുക എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിന്നും ജനപ്രതിനിധികളാരും തന്നെ നാളിതുവരെ ക്രൂസിന്റെ ജനറൽ കൗൺസിലിലേക്കോ ഡയറക്ടർ ബോർഡിലേക്കോ മൽസരിച്ചിട്ടില്ല. കൂടാതെ ആയവന ഗ്രാമപഞ്ചായത്ത് ഇപ്പോൾ ക്രൂസിൽ നിന്നും തെരുവ് വിളക്കുകൾ വാങ്ങുകയോ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിലോ പരിപാലിക്കുന്നതിലോ ക്രൂസിന്റെ സേവനം ആവശ്യപ്പെടുകയോ, ഉപയോഗപ്പെടുത്തുകയോ ചെയ്യുന്നുമില്ല. ഈ സാഹചര്യത്തിൽ ക്രൂസിന് വാർഷിക വരിസംഖ്യയായി എല്ലാ വർഷവും ₹2000/- നൽകുന്നതു കൊണ്ട് ഗ്രാമപഞ്ചായത്തിന് യാതൊരു പ്രയോജനവും ഉണ്ടാവുന്നില്ല. ഇത്തരത്തിൽ തുക നൽകുന്നതിന്റെ കാരണം വിശദീകരിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.15/20.09.2023) നൽകിയതിന് തൃപ്തികരമായ മറുപടി ലഭിച്ചില്ല. ഇത്തരത്തിൽ തുക നൽകുന്നത് പുന:പരിശോധിക്കേണ്ടതും, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-32 തുക തിരികെ അടവാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ ബഡ്സ് സ്കൂൾ തുടങ്ങുന്നതിനായി കുടുംബശ്രീ ജില്ലാ മിഷനിൽ നിന്നും 2019-20 സാമ്പത്തിക വർഷം ₹12,50,000/- അനുവദിച്ച് നൽകിയിരുന്നു. ഗ്രാമപഞ്ചായത്തിൽ കുട്ടികളുടെ കുറവ് കാരണം പ്രവർത്തനം നിർത്തിയ എൽ പി സ്കൂളിൽ ബഡ്സ് സ്കൂൾ ആരംഭിക്കുന്നതിന് തീരുമാനിച്ചു. ആയത് പ്രകാരം സ്കൂളിലേക്ക് ആവശ്യമായ എല്ലാ ഉപകരണങ്ങളും ₹12,18,116/- ചെലവഴിച്ച് വാങ്ങുകയും

ചെയ്തു. എന്നാൽ കോവിഡിന് ശേഷം ഈ സ്കൂൾ തുറന്ന് പ്രവർത്തിക്കാത്തതിനാൽ ഉപകരണങ്ങൾ നാശോന്മുഖമായ അവസ്ഥയിലുമാണെന്ന് ഓഡിറ്റിന്റെ നേരിട്ടുള്ള പരിശോധനയിൽ ബോധ്യമാവുകയുണ്ടായി. തുടർന്ന് കുടുംബശ്രീ ജില്ലാ മിഷൻ ബഡ്സ് സ്കൂൾ തുടങ്ങുന്നതിനായി നൽകിയ ₹12,50,000/- തിരിച്ചടയ്ക്കുവാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 08.02.2023 ലെ 1-4 തീരുമാന പ്രകാരം ഗഡുക്കളായി തിരിച്ചടയ്ക്കുന്നതിന് തീരുമാനിച്ചു. എന്നാൽ നാളിതു വരെയും തുക തിരികെ അടവാക്കിയിട്ടില്ല. കൂടാതെ സ്കൂളിലേയ്ക്ക് വാങ്ങിയ ഉപകരണങ്ങൾ എന്ത് ചെയ്തുവെന്ന് വ്യക്തമാക്കിയിട്ടില്ല. അപാകതകൾക്ക് ഉചിതമായ വിശദീകരണം നൽകുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.17/21.09.2023) നൽകിയതിന് തൃപ്തികരമായ മറുപടി ലഭിച്ചില്ല. വാങ്ങിയ ഉപകരണങ്ങൾ ഉപയോഗക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്ത പക്ഷം കുടുംബശ്രീ മിഷനിൽ നിന്നും ലഭിച്ച ₹12,50,000/- തിരികെ നൽകേണ്ടതാണ്.

## 1-33 കുടിവെള്ള പദ്ധതികൾ-നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്തൃ സമിതിയ്ക്ക് കൈമാറിയിട്ടില്ല

| | | |
|---|---|---|
| കുടിവെള്ള പദ്ധതിയുടെ പേര് | മങ്കത്തേൽ കുടിവെള്ള പദ്ധതി -ഇലക്ട്രിഫിക്കേഷൻ, S0145/23 | പച്ചയ്ക്കത്താഴം കുടിവെള്ള പദ്ധതി, 121/23 |
| കരാറുകാരൻ | അലിയാർ ടി കെ | പോൾ സി ഐസക്ക് |
| അടങ്കൽ | 50000<br>(വികസന ഫണ്ട്-ജനറൽ) | ₹382585/-<br>(സി എഫ് സി) |
| ചെലവ് തുക | ₹34383/-<br>(ബിൽ.നം.31/22-23,18.03.23) | 1) ₹180876/-<br>(45/22-23,23.08.22)<br>2) ₹58832/-<br>(46/22-23,23.08.22) |

മേൽപ്പറഞ്ഞ രണ്ട് കുടിവെള്ള പദ്ധതികളുടെ നിർമ്മാണം പൂർത്തീകരിച്ചുവെങ്കിലും ആയത് ഗുണഭോക്തൃ സമിതിയെ ഏൽപ്പിക്കുകയോ, പ്രവർത്തന ക്ഷമമാക്കുകയോ ചെയ്തിട്ടില്ല. മങ്കത്തേൽ കുടിവെള്ള പദ്ധതിയുടെ ടാങ്ക് നിർമ്മാണം, ഇലക്ട്രിഫിക്കേഷൻ എന്നിവ 2019-20 സാമ്പത്തിക വർഷം പൂർത്തീകരിച്ചുവെങ്കിലും നാളിതു വരെയും പ്രവർത്തനയോഗ്യമാക്കിയിട്ടില്ല.

പച്ചയ്ക്കത്താഴം കുടിവെള്ള പദ്ധതിയുടെ മോട്ടോർ ഷെഡിന്റെയും കിണറിന്റെയും നിർമ്മാണം മാത്രമാണ് പൂർത്തീകരിച്ചത്. നാളിതു വരെയും മോട്ടോർ സ്ഥാപിക്കുകയോ ഗുണഭോക്തൃ സമിതിയെ ഏൽപ്പിച്ച് പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടിയോ സ്വീകരിച്ചിട്ടില്ല. അപാകതകൾ വിശദീകരിക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം.18/21.09.2023) നൽകിയതിന് മറുപടി ലഭിച്ചില്ല. മേൽപ്പറഞ്ഞ രണ്ട് കുടിവെള്ള പദ്ധതികളും പ്രവർത്തനയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-34 ഇ-ടെണ്ടർ പൂർണ്ണമായും ലഭിച്ചിട്ടില്ല

എറണാകുളം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിൽ തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടിൽ ആണ് വർഷങ്ങളായി ഇ-ടെണ്ടർ തുകകൾ നിക്ഷേപിച്ചിരുന്നത്. ആയവന ഗ്രാമപഞ്ചായത്ത് എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള എസ്.ബി.ഐ അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് (അക്കൗണ്ട്.നം-40582978624) പരിശോധിച്ചപ്പോൾ ഗ്രാമപഞ്ചായത്തിൽ 2022-23 വർഷം വരെ (ഓഡിറ്റ് തീയതി വരെ) ഇ-ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് മുഴുവനായും ലഭിച്ചിട്ടില്ല എന്ന് വ്യക്തമായി. അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ സൂക്ഷിച്ച ഇ ടെണ്ടർ രേഖകൾ പ്രകാരം

നാളിതുവരെ ഗ്രാമപഞ്ചായത്തിന് ഈയിനത്തിൽ ₹3,59,411/- ലഭിക്കാനുണ്ടായിരുന്നു. എന്നാൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭ്യമാക്കിയ ചെക്ക് നമ്പർ 68200297/18.05.2022 പ്രകാരം ലഭിച്ചത് ₹3,35,291/-യാണ്. ഇനിയും ₹24,120/- കൂടി ലഭിക്കാനുണ്ട് (2022 മാർച്ചിലെ ₹7322/- കൂടി ചേർത്ത് ആകെ ₹31,442/-) ഈ തുക കൂടി തിരികെ ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് 24.06.2022 ൽ 07/AE/LSGD/AY/2022-23 നമ്പർ കത്ത് നൽകിയെങ്കിലും നാളിതു വരെ തുക ലഭിച്ചിട്ടില്ല. ആയത് വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.19/21.09.2023) മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. ടെണ്ടർ ഫോറത്തിന്റെ വിലയിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുക എത്രയും വേഗം നൽകുന്നതിന് ജില്ലാപഞ്ചായത്തിനോട് ആവശ്യപ്പെടാവുന്നതാണ്.

## 1-35 വാഹനം ലേലം ചെയ്യുന്നതിന് തുടർ നടപടികൾ സ്വീകരിച്ചില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL-17-F-1340 നമ്പർ മഹീന്ദ്ര ബൊലെറോ വാഹനം 18.06.2008 ൽ വാങ്ങിയതാണ്. 15 വർഷത്തോളം കാലപ്പഴക്കമുള്ള ഈ വാഹനം നാളിതു വരെയും ലേലം ചെയ്ത് കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് കാണുന്നില്ല. സർക്കാർ ഉത്തരവ്(കൈ)നം.45/2019 /പൊ.മ.വ, തീയതി 16.10.2019 പ്രകാരം 7500 കിലോഗ്രാം വരെ ഭാരമുള്ള ലൈറ്റ് മോട്ടോർ വാഹനങ്ങൾ 3 ലക്ഷം കിലോമീറ്റർ അല്ലെങ്കിൽ 10 വർഷം പഴക്കമുണ്ടെങ്കിൽ ആയത് Condemn ചെയ്യേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തുടർച്ചയായുള്ള വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ പഞ്ചായത്തിന് സാമ്പത്തികനഷ്ടം വരുത്തിവെയ്ക്കുന്നതായി വൗച്ചറുകളുടെ പരിശോധനയിൽ ഓഡിറ്റിന് ബോധ്യപ്പെടുകയുണ്ടായി. പുതിയ വാഹനം ഗ്രാമപഞ്ചായത്ത് വാങ്ങിയിട്ടുണ്ടെങ്കിലും പഴയ ബൊലെറോ ജീപ്പ് നാളിതു വരെയും ലേലം ചെയ്ത് കൊടുക്കാതിരിക്കുന്നതിന്റെ കാരണം വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.20/22.09.2023) മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ പി.ഡബ്ല്യു.ഡി മെക്കാനിക്കൽ ഡിവിഷൻ, ചാലക്കുടിയിൽ നിന്നും വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുള്ളതും ആയത് പ്രകാരം വാഹനം MSTC എന്ന സൈറ്റ് വഴി സ്ക്രാപ്പ് ആയി ലേലം ചെയ്യുന്നതിന് നിർദ്ദേശം ലഭിച്ചിട്ടുള്ളതുമാണെന്ന് അറിയിച്ചു. എന്നാൽ ഈ വെബ്സൈറ്റിൽ രജിസ്ട്രേഷൻ ചെയ്യുന്നതിന് സാങ്കേതിക ബുദ്ധിമുട്ട് കാരണം ലേലം ചെയ്യുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നില്ലായെന്നും വ്യക്തമാക്കി. വെബ്സൈറ്റിലെ സാങ്കേതിക പ്രശ്നം അവസാനിക്കുന്ന മുറയ്ക്ക് വാഹനം ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-36 സ്കൂൾ ബസ്-നിഷ്ക്രിയാസ്തിയായി തുടരുന്നു

ഗ്രാമപഞ്ചായത്തിന്റെ ഘടക സ്ഥാപനമായ കാലാമ്പൂർ എൽ പി സ്കൂളിന് മൂവാറ്റുപുഴ മുൻ എം എൽ എയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 2018-19 സാമ്പത്തിക വർഷം ബസ് അനുവദിച്ച് നൽകിയിരുന്നു. മൂവാറ്റുപുഴ ആർ ടി ഒ ഓഫീസിൽ നിന്നും നൽകിയ KL-17-S-9863 എന്ന രജിസ്ട്രേഷൻ നമ്പറിലുള്ള ബസ് 2019 ൽ സ്കൂൾ ആവശ്യത്തിനായി സർവ്വീസ് നടത്തിയെങ്കിലും കോവിഡ് മഹാമാരിയ്ക്ക് ശേഷം പ്രവർത്തന ക്ഷമമല്ലാതെ സ്കൂൾ പരിസരത്ത് തന്നെ നിർത്തിയിട്ടിരിക്കുന്ന അവസ്ഥയാണുള്ളത്. ഈ ബസ് നിലവിൽ ഉപയോഗിക്കുവാൻ സാധ്യമല്ലായെന്ന് അറിയിച്ചുകൊണ്ട് 03.11.2022 ൽ ഹെഡ്മിസ്ട്രസ്സ് ഗ്രാമപഞ്ചായത്ത് അധികാരികളെയും 23.11.2022ൽ എറണാകുളം ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറേയും അറിയിച്ചിരുന്നു. വിദ്യാർത്ഥികൾ കുറവായതിനാലും സാമ്പത്തിക സ്ഥിതി മോശമായതിനാലും തുടർന്ന് ബസ് സർവ്വീസ് നടത്തിക്കൊണ്ടു പോകുന്നതിന് സാധിക്കുകയില്ലായെന്ന് അറിയിക്കുകയുണ്ടായി. 4 വർഷത്തോളം ബസ് ഉപയോഗക്ഷമമല്ലാതെ സ്കൂൾ പരിസരത്ത് തന്നെ നിർത്തിയിട്ടിരിക്കുന്നത് കാരണം ആയത് നിഷ്ക്രിയാസ്തിയായി തുടരുകയാണെന്ന് ഓഡിറ്റിന്റെ നേരിട്ടുള്ള പരിശോധനയിൽ ബോധ്യപ്പെടുകയുണ്ടായി.







നിലവിൽ ബസ് പ്രവർത്തന ക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.07/20.09.2023) നൽകിയതിന് ലഭിച്ച മറുപടിയിൽ ബസ് പ്രവർത്തനക്ഷമമാക്കുന്നതിന് വലിയ തുക ആവശ്യമായി വരുമെന്നതിനാലും കുട്ടികളുടെ എണ്ണം കുറഞ്ഞതിനാൽ ബസ് പ്രവർത്തിപ്പിക്കുന്നതിന് നിർവ്വാഹമില്ലാത്തതിനാലും മറ്റ് സ്കൂളുകൾക്ക് കൈമാറുന്നതിനായി തീരുമാനിക്കുകയാണ് ചെയ്തതെന്ന് അറിയിച്ചു. വാഹനം എത്രയും വേഗം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-37 വയോജനങ്ങൾക്ക് ഡിജിറ്റൽ ലിറ്ററസി പരിശീലന പരിപാടി- സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പിലാക്കി

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 150/23<br>വയോജനങ്ങൾക്ക് ഡിജിറ്റൽ ലിറ്ററസി |
| അടങ്കൽ | ₹32,152/- (വികസനഫണ്ട് -ജനറൽ) |
| ചെലവ് | ₹24,000/ -വികസന ഫണ്ട് ജനറൽ |
| ബിൽ നം | 2212025201410352554 Dt 15-3-23, ₹24,000/- |

ജില്ല ആസൂത്രണ സമിതി നിർദേശ പ്രകാരം, ആയവന ഗ്രാമപഞ്ചായത്ത് പരിധിയിലെ 60 വയസു കഴിഞ്ഞ വയോജനങ്ങൾക്ക് കംപ്യൂട്ടർ പരിജ്ഞാനം ലഭിക്കുന്നതിന് പരിശീലന പരിപാടി സംഘടിപ്പിക്കാൻ പ്രോജക്ട് ഏറ്റെടുക്കുകയും 2023 ൽ 20.02.23 മുതൽ 02.03.23 വരെയുള്ള കാലയളവിൽ 10 ദിവസത്തെ പരിശീലന പരിപാടി ഐ.എച്ച്.ആർ.ഡി.യുടെ ആഭിമുഖ്യത്തിൽ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വെച്ച് നടത്തുകയും ചെയ്തു. പദ്ധതി നിർവ്വഹണം സംബന്ധിച്ച് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗരേഖ സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ. തീയതി 28.5.22, ഖണ്ഡിക 8.5(ii) പ്രകാരം സംരംഭം തുടങ്ങുന്നതിന്റെ ഭാഗമായോ തൊഴിൽ നൽകുന്നതിന്റെ ഭാഗമായോ അല്ലാതെ കമ്പ്യൂട്ടർ പരിശീലന പരിപാടിക്കു മാത്രമായി പ്രോജക്ട് ഏറ്റെടുക്കാവുന്നതല്ല. ഇവിടെ 60 വയസിനു മുകളിൽ പ്രായം ഉള്ളവർക്കാണ് പരിശീലനം നൽകിയത്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വികസന ഫണ്ട് ചെലവഴിച്ച് പ്രോജക്ട് നടപ്പിലാക്കിയത് ശരിയായ നടപടിയല്ല.

2) പരിശീലനത്തിൽ പങ്കെടുക്കുന്ന ഒരു വ്യക്തിക്ക് ₹800/- നിരക്കിൽ കുറഞ്ഞത് 30 വ്യക്തികൾക്കുള്ള തുക ഐ.എച്ച്.ആർ.ഡി.ക്ക് കൈമാറണമെന്നുള്ള ജില്ല ആസൂത്രണ സമിതി ചെയർമാൻ & ജില്ല പഞ്ചായത്ത് പ്രസിഡന്റിന്റെ നിർദ്ദേശം പഞ്ചായത്ത് പാലിക്കുകയും 30 വ്യക്തികളുടെ ഫീസ് ₹24,000/- ഐ.എച്ച്.ആർ.ഡി.ക്ക് സ്ഥാപനത്തിന്റെ ഇൻവോയ്സ് പ്രകാരം വികസന ഫണ്ടിൽ നിന്നും നൽകുകയും ചെയ്തു. പരിശീലന പരിപാടിയുടെ മൊഡ്യൂൾ, പരിശീലനം നൽകിയ ഇൻസ്ട്രക്ടർമാർ ആരൊക്കെ, പരിപാടിയുടെ ഫോട്ടോഗ്രാഫ് തുടങ്ങിയ വിവരങ്ങളൊന്നും ഫയലിൽ ഇല്ല. 18 വ്യക്തികൾ ഒപ്പിട്ട അറ്റൻഡൻസ് ഷീറ്റിന്റെ ഫോട്ടോസ്റ്റാറ്റ് മാത്രമേ ഫയലിലുള്ളൂ (30 പഠിതാക്കൾക്കുള്ള തുകയാണ് നൽകിയത്).

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ സംബന്ധിച്ച് നൽകിയ (36/26.9.23)നമ്പർ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി മറുപടി ലഭ്യമാക്കി. ടി പദ്ധതി ഏറ്റെടുത്തില്ലെങ്കിൽ പഞ്ചായത്തിന്റെ വാർഷിക പദ്ധതിക്ക് ജില്ല ആസൂത്രണ സമിതി അംഗീകാരം നൽകുകയില്ല എന്നതിനാലാണ് പദ്ധതി ഏറ്റെടുക്കേണ്ടി വന്നതെന്നും പങ്കെടുക്കുന്നവരുടെ എണ്ണം 30ൽ കുറവായാലും 30 പേരുടെ തുക തന്നെ ഐ.എച്ച്.ആർ.ഡി.ക്ക് നൽകണമെന്ന് ജില്ല ആസൂത്രണ സമിതി നിർദേശിച്ചതിനാലുമാണ് 18 ആളുകൾ മാത്രമേ പങ്കെടുത്തുള്ളൂവെങ്കിലും 30 പേരുടെ തുക നൽകിയതെന്നുമാണ് മറുപടിയിൽ പറഞ്ഞിരിക്കുന്നത്. മറുപടി അംഗീകരിക്കാനാവില്ല. സർക്കാർ ഉത്തരവിനു വിരുദ്ധമായി ഏറ്റെടുത്ത ടി പ്രോജക്ടിന്റെ ചെലവ് തുക ₹24,000/-തടസ്സപ്പെടുത്തുന്നു. സർക്കാർ ഉത്തരവിനു വിരുദ്ധമായി ചെലവ് ചെയ്തതിനാൽ ടി ചെലവിന് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങേണ്ടതാണ്.

## 1-38 റോഡ് പുനർ നിർമ്മിച്ച് നൽകിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന 4 റോഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി കിടങ്ങുകൾ എടുത്തിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 06.05.2022 ലെ ജി.ഒ(ആർ.ടി)നം.1143/2022/എൽ എസ് ജി ഡി ഉത്തരവ് പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ കേരള വാട്ടർ അതോറിറ്റി നടപ്പാക്കുന്ന പൈപ്പ് ലൈൻ പ്രവൃത്തികളിൽ റോഡ് നശിച്ചു പോയിട്ടുണ്ടെങ്കിൽ ആയത് Restore ചെയ്ത് ഗതാഗതയോഗ്യമാക്കി തരേണ്ട ബാധ്യത വാട്ടർ അതോറിറ്റിയ്ക്കാണ്. ആയതിന് പകരം ഗ്രാമപഞ്ചായത്തിൽ റോഡ് നിർമ്മാണം നടത്തിയിരിക്കുന്നത് ഗ്രാമപഞ്ചായത്ത് തന്നെയാണ്. പദ്ധതിയ്ക്കായി റോഡുകൾ ജല അതോറിറ്റിയ്ക്ക് കൈമാറുന്നത് സംബന്ധിച്ചും പൊളിച്ചുമാറ്റുന്ന റോഡുകൾ പുനസ്ഥാപിക്കുന്നത് സംബന്ധിച്ചും പഞ്ചായത്ത് ജല അതോറിറ്റിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. ജല അതോറിറ്റി പദ്ധതി നടത്തിപ്പിനായി പൊളിച്ചു മാറ്റിയ റോഡുകൾ റെസ്റ്റോറേഷൻ നടത്താത്തത് ഗ്രാമപഞ്ചായത്തിന് വൻ ബാധ്യതയാകുന്നതാണ്.

| ക്രമ നം | പ്രോജക്ട് നം | അടങ്കൽ(ഫണ്ടിനം) | ചെലവ് വിവരം | പ്രവൃത്തിയുടെ പേര് |
|---|---|---|---|---|
| 1 | 70/23 | 489103/-(മെയിന്റനൻസ് ഗ്രാന്റ്- റോഡ്) | 489103/- | ഗോതമ്പ് റോഡ് മെയിന്റനൻസ്, വാർഡ് 06 |
| 2 | 85/23 | 349742/-(മെയിന്റനൻസ് ഗ്രാന്റ്- റോഡ്) | 347889/- | തൃക്ക തെലഞ്ഞി റോഡ് മെയിന്റനൻസ്, വാർഡ് 03 |
| 3 | 76/23 | 508058/-(മെയിന്റനൻസ് ഗ്രാന്റ്- റോഡ്) | 505053/- | ചീരംകുഴി മുല്ലപ്പഴച്ചാൽ റോഡ് മെയിന്റനൻസ്, വാർഡ് 11 |
| 4 | 68/23 | 349904/-(മെയിന്റനൻസ് ഗ്രാന്റ്- റോഡ്) | 349900/- | ഇഞ്ചക്കിടാന്തി മയ്യാളം കടവ് റോഡ് മെയിന്റനൻസ്, വാർഡ് 05 |

മേൽ റോഡുകൾ പൂർവ്വ സ്ഥിതിയിലാക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനിയർ നിരവധി തവണ വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തകരാറിലായ റോഡുകൾ Restore ചെയ്യുന്നതിനാവശ്യമായ മെറ്റീരിയൽസ്,ലേബർ ചാർജ്ജ് എന്നിവ വാട്ടർ അതോറിറ്റി നൽകാമെന്ന് സമ്മതിക്കുകയും ചെയ്തു. വാട്ടർ അതോറിറ്റിയുടെ കാവക്കാട് പ്ലാന്റിലുള്ള Unserviceable Filter Media Materials ആയവന ഗ്രാമപഞ്ചായത്തിൽ ലഭ്യമാക്കുകയും ചെയ്തു. എന്നാൽ ഈ മെറ്റീരിയൽസ് ഉപയോഗിച്ച് റോഡുകൾ പുനരുദ്ധാരണം നടത്തിയതിന്റെ വിവരം,ലേബർ ചാർജ്ജ് വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമായതിന്റെ വിവരം എന്നിവ അറിയിക്കുവാനും, സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കിയതിന്റെ കാരണവും വിശദീകരിക്കുവാൻ ഓഡിറ്റ്

എൻക്വയറി (നം.01/19.09.2023) മുഖേന ആവശ്യപ്പെട്ടതിന് തൃപ്തികരമായ മറുപടി ലഭിച്ചില്ല. അപാകതകൾ പരിഹരിച്ച് റോഡുകൾ പുന:സ്ഥാപിച്ച് രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

1-39 വിട്ട് കിട്ടിയ ഭൂമി പോക്കുവരവ് ചെയ്ത് ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല

പഞ്ചായത്തിന് സൗജന്യമായി വിട്ട് നൽകിയ സ്ഥലം വില്ലേജ് രേഖകളിൽ പോക്ക് വരവ് ചെയ്ത് ഭൂനികുതി അടയ്ക്കുകയോ സ്ഥലം പഞ്ചായത്തിന്റെ ആസ്തിയിലുൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| സ്ഥലം വിട്ട് നൽകിയ വ്യക്തിയുടെ പേര് | സ്ഥലത്തിന്റെ വിസ്തീർണ്ണം/ സർവ്വേ നമ്പർ | വിട്ട് നൽകിയ ആവശ്യം |
|---|---|---|
| തങ്കച്ചൻ,കച്ചിറയിൽ,ഏനാനെല്ലൂർ | 40 Sq.ft, /222/7/2/3 | എണ്ണക്കണ്ടം കുടിവെള്ള പദ്ധതിയുടെ ഭാഗമായി കിണർ നിർമ്മിക്കുന്നതിന് |

പൊതു ആവശ്യത്തിന് സൗജന്യമായി ലഭിക്കുന്ന സ്ഥലങ്ങൾ റവന്യൂ രേഖകളിൽ പഞ്ചായത്ത് വക സ്ഥലമാക്കി മാറ്റുന്നതിന് വേണ്ട നിയമാനുസൃത നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദവിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിന് (എൻക്വയറി.നം-21/22.9.23) ലഭിച്ച മറുപടിയിൽ സൗജന്യമായി വിട്ടുകിട്ടിയ സ്ഥലം പഞ്ചായത്തിന്റെ ഉടമസ്ഥതയിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. സൗജന്യമായി ലഭിച്ച സ്ഥലം പോക്കുവരവ് ചെയ്ത് ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

1-40 ഡെപ്പോസിറ്റ് തുകകൾ മുതൽക്കൂട്ടിയിട്ടില്ല

2022-23 വർഷത്തെ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരവും, വാർഷിക ധനകാര്യ പത്രികയിലെ B-7 ഷെഡ്യൂൾ പ്രകാരവും കാലാവധി കഴിഞ്ഞ താഴെ പറയുന്ന ഡെപ്പോസിറ്റ് തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1 | Contractor’s EMD | 78000 |
| 2 | Suppliers EMD | 6410 |
| 3 | Contractors SD | 22750 |
| 4 | Suppliers SD | 24478 |
| 5 | Bidders EMD | 35535 |
| 6 | Contractors Retention | 49563 |
| 7 | Election Deposit | 36500 |
| 8 | Deposit Received From Others | 13332 |
| 9 | Road Cutting Deposit | 6000 |
| 10 | Auction Deposit | 7100 |
| 11 | Water Connection-Deposit | 8000 |

ഈ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചതിന്റെ വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.24/23.09.2023) നൽകിയതിന് തൃപ്തികരമായ മറുപടിയല്ല ലഭിച്ചത്. കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-41 അഡ്വാൻസ് തുകകൾ സമയബന്ധിതമായി ക്രമീകരിക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ 2022 -23 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരം താഴെ ചേർത്തിട്ടുള്ള അഡ്വാൻസ് തുക ക്രമീകരിക്കാൻ ബാക്കിയുള്ളതായി കാണുന്നു.

| ക്രമ നമ്പർ | അക്കൗണ്ട് ഹെഡ് | ഇനം | തുക |
|---|---|---|---|
| 1 | 460100103 | Advance Of Royalty | 3350 |
| 2 | 460500201 | Advance To Implementing Agencies -Deposit With Kerala Water Authoriiy | 110003 |
| 4 | 460500306 | Advance To Community Development Society | 4315 |
| 5 | 460500801 | Advance To MGNREGA-Administrative Expense | 379028 |

2011 - ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 32 പ്രകാരം മുൻകൂറുകൾ യഥാർത്ഥ ചെലവുകൾക്ക് അനുസൃതമായി പരിമിതപ്പെടുത്തേണ്ടതാണ്. ആ തുക ചെലവായി കഴിയുമ്പോൾ തുക ചെലവായതിനുള്ള രേഖകൾ സമർപ്പിച്ച് അഡ്വാൻസുകൾ അഡ്ജസ്റ്റ് ചെയ്യേണ്ടതാണ്. നിർദ്ദിഷ്ട കാലാവധിയ്ക്കകം മുൻകൂർ തുക യഥാവിധി വിനിയോഗിക്കാതെ വരികയാണെങ്കിൽ പ്രസ്തുത തുക പലിശ സഹിതം തിരിച്ചടയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതായിരുന്നു. എന്നാൽ മേൽ അഡ്വാൻസ് തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചതായി കാണുന്നില്ല. അപാകത വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.25/23.09.2023)മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ ക്രമ നമ്പർ 1 മുതൽ 4 വരെയുള്ളവ ക്രമീകരിക്കുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കത്ത് നൽകി തുക ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. MGNREGA ഭരണ ചെലവുകൾക്കായി നൽകിയ അഡ്വാൻസ് തുക ലഭ്യമാകുന്ന മുറയ്ക്ക് ക്രമീകരിക്കുന്നതാണെന്നും വ്യക്തമാക്കുകയുണ്ടായി. അഡ്വാൻസ് നൽകിയ തുക ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-42 ഡെപ്പോസിറ്റ് പ്രവൃത്തി അവലോകനം

സർക്കുലർ നമ്പർ ഡി എ 1/179/22 തസ്വഭവ തീയതി 10-07-2022 പ്രകാരം കെ എസ് ഇ ബി, കെ ഡബ്ല്യു എ,ജി ഡബ്ല്യു എ എന്നിവ മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ തുക സാമ്പത്തിക വർഷാരംഭത്തിൽ തന്നെ ഡെപ്പോസിറ്റ് ചെയ്യേണ്ടതും അതാത് വർഷം തന്നെ പൂർത്തീകരിക്കാൻ നിർദേശിക്കേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

കഴിഞ്ഞ 3 വർഷങ്ങളിൽ പഞ്ചായത്ത് വിവിധ ഏജൻസികളിൽ നിക്ഷേപിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

2021-22

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | തുക |
| കേരള വാട്ടർ അതോറിറ്റി | 148/22- ഇടപ്പഴം കവല ചേരിങ്കച്ചാൽ റോഡ് പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ വാർഡ് 7 | ഓൺലൈൻ പേയ്മെന്റ് | 250000 | 177558 | 72442 |
| കേരള വാട്ടർ അതോറിറ്റി | 155/22- കാവക്കാട് ചെറ്റൂളി റോഡ് പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ വാർഡ് 8 | ഓൺലൈൻ പേയ്മെന്റ് | 250000 | 237056 | 12944 |
| അനെർട്ട് | 106/22-സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ വാർഡ്-1 | ഓൺലൈൻ പേയ്മെന്റ് | 165000 | യു.സി ലഭ്യമായിട്ടില്ല | |

2020-21

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവ ഴിച്ച തുക | ചെലവ ഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കെ.എസ് .ഇ.ബി | 23/21 ചേരികച്ചാൽ - ചാൽ റോഡ് ഇലക്ട്രിക് ലൈൻ വലിക്കൽ | 165/ 10.11.20 | 49148 | 00 | 49148 |
| | സ്ട്രീറ്റ് ലൈൻ വലിക്കൽ ചാത്തനോ ടിപ്പീടിക ആലുങ്കപ്പാടം | 166/ 10.11.20 | 195915 | 00 | 195915 |
| | സ്ട്രീറ്റ് ലൈൻ വലിക്കൽ കാവക്കാട് വെട്ടംകവല ചേരിങ്കചാൽ റോഡ് | 2/ 11.4.20 | 199992 | 199992 | 00 |
| | ആറാം വാർഡിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22000354/ 11.4.20 | 6900/- | 6900 | 0 |

2019-20

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകി യ തുക | ചെലവ ഴിച്ച തുക | ചെലവ ഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 21/20 കാവക്കാട് ഉമ്പാപ്പുറം റോഡ് ഇലക്ട്രിക് ലൈൻ മാറ്റൽ | 51/ 24.9.19 | 124900 | 00 | 124900 |
| കെ.ഡബ്ള്യൂ.എ | NSS മന്ദിരം മാലിക്കു ന്നേൽ താഴം റോഡ് പൈപ്പ് ലൈൻ നീട്ടൽ വാർഡ് 12 | 121/ 21.12.19 | 100000 | 00 | 100000 |

വിവിധ പ്രവൃത്തികൾക്കായി തുക കെ എസ് ഇ ബി ക്ക് ഡെപ്പോസിറ്റ് ചെയ്യുമ്പോൾ കെ.എസ്.ഇ.ബി, ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുമായി കരാർ ചമക്കുന്നില്ല. കെ ഡബ്ല്യ എ കരാർ ചമച്ചിട്ടുണ്ടെങ്കിലും കരാറിൽ

വ്യവസ്ഥകളൊന്നും രേഖപ്പെടുത്തിയിട്ടില്ല. പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾതന്നെ തദ്ദേശസ്വയംഭരണസ്ഥാപനവും, വൈദ്യുതി ബോർഡും തമ്മിൽ കരാർ വെക്കണമെന്ന് സർക്കുലർ നം 40308/ഡി.പി/03/തസ്വഭവ തീയതി 21.08.2003 ൽ നിർദ്ദേശിച്ചിട്ടുണ്ട്.

വാർഷിക കണക്കുകൾ പ്രകാരം കെ എസ് ഇ ബിക്ക് ₹ 110,003/- അഡ്വാൻസായി നല്കിയിട്ടുണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യതയോടെ തയ്യാറാക്കാത്തതിനാൽ വാർഷിക കണക്കിലെ തുകയുടെ കൃത്യത വ്യക്തമാകുന്നില്ല. വാർഷിക കണക്കുകൾ പ്രകാരംവാട്ടർ അതോറിറ്റിയിക്ക് അഡ്വാൻസ് നല്കിയിട്ടില്ല. വാട്ടർ അതോറിറ്റിയിൽ മുൻവർഷം ഡെപ്പാസിറ്റ് ചെയ്ത മുഴുവൻ തുകയ്ക്കും വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തതയില്ല. വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ചുരുക്കത്തിൽ മുൻ വർഷങ്ങളിൽ എത്ര രൂപ വിവിധ നിർവ്വഹണ ഏജൻസികൾക്ക് നല്കിയിട്ടുണ്ടെന്നോ അവയിൽ എതെല്ലാം പ്രവർത്തികളാണ് പൂർത്തിയായിട്ടുള്ളതെന്നോ എത്ര രൂപ തിരികെ ഈടാക്കേണ്ടതുണ്ടെന്നുള്ളതും സംബന്ധിച്ച് പഞ്ചായത്തിന് യാതൊരു കണക്കുകളോ രേഖകളോ ഇല്ല. വിവിധ പ്രവൃത്തികൾക്കായി തുക നിർവ്വഹണ ഏജൻസികൾക്ക് ഡെപ്പോസിറ്റ് ചെയ്ത വേളയിൽ ഗ്രാമ പഞ്ചായത്ത് നിർവ്വഹണ ഏജൻസികളുമായി കരാർ ചമക്കാത്തതിനാൽ നിയമ നടപടികൾ സ്വീകരിക്കാനാവില്ല. നിർവ്വഹണ ഏജൻസികൾ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും ഫലപ്രദമായി മോണിറ്ററിംഗ് നടത്തേണ്ടതുമാണ്.

1-43 ഓഡിറ്റ് ഇംപാക്ട്

1) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പ്പെടുത്തി നടപ്പിലാക്കിയ മെറ്റീരിയൽ വർക്കുകൾക്ക് സാധനം സപ്ലൈ ചെയ്യുന്നതിന് തുക അനുവദിച്ചപ്പോൾ നിയമാനുസൃതം ഈടാക്കേണ്ട ജി.എസ്.ടി ഈടാക്കാത്തത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 31/25.09.23നെ തുടർന്ന് ജി എസ് ടി ഇനത്തിൽ കുറവ് വന്ന ₹7422/- രസീത് നം. 1230201285/26.09.23, രസീത് നം. 1230201286/26.09.23 എന്നിവ പ്രകാരം തിരിച്ചടച്ചിട്ടുണ്ട്.

2) തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 11/20.09.23 -നെ തുടർന്ന് തൊഴിൽ നികുതി ഇനത്തിൽ കുറവ് വന്ന ₹250/- രസീത് നം. 1230201256/21.09.23, പ്രകാരം തിരിച്ചടച്ചിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|

2022-2023 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്

## 4-2 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | ₹37730 | നെൽകൃഷിക്ക് കൂലിച്ചെലവ് | ₹37730 | - |
| ബ്ലോക്ക് പഞ്ചായത്ത് | | ₹902106 | ലൈഫ് ഭവനനിർമ്മാണം -എസ്.സി. | ₹902106 | - |
| ബ്ലോക്ക് പഞ്ചായത്ത് | | ₹1208400 | ലൈഫ് ഭവനനിർമ്മാണം -ജനറൽ | ₹1208400 | |
| ബ്ലോക്ക് പഞ്ചായത്ത് | | ₹355116 | ഭിന്നശേഷി സ്കോളർഷിപ്പ് | ₹355116 | - |
| ബ്ലോക്ക് പഞ്ചായത്ത് | | ₹200000 | എസ് സി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് | ₹200000 | - |
| ബ്ലോക്ക് പഞ്ചായത്ത് | | ₹449779 | കടുക്കാഞ്ചിറ ജലസേചനപദ്ധതി കുടിവെള്ളപദ്ധതിയാക്കി മാറ്റൽ | ₹449779 | - |
| ബ്ലോക്ക് പഞ്ചായത്ത് | | ₹200000 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | ₹200000 | - |
| ആകെ | | ₹3353131 | | ₹3353131 | - |
| ജില്ലാ പഞ്ചായത്ത് | | ₹980000 | ലൈഫ് ഭവനനിർമ്മാണം -എസ്.സി. | ₹980000 | - |
| | | ₹847028 | ലൈഫ് ഭവനനിർമ്മാണം -ജനറൽ | ₹847028 | - |
| ജില്ലാ പഞ്ചായത്ത് | | ₹92920 | ഭിന്നശേഷി സ്കോളർഷിപ്പ് | ₹92920 | - |
| ജില്ലാ പഞ്ചായത്ത് | | ₹275000 | എസ് സി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് | ₹275000 | - |
| ജില്ലാ പഞ്ചായത്ത് | | ₹250000 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | ₹250000 | - |
| ആകെ | | ₹2444948 | | ₹2444948 | - |

## 4-3 നിക്ഷേപ പ്രവൃത്തികളുടെ വിവരം

ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്ത് നിക്ഷേപ പ്രവൃത്തികൾ ഏറ്റെടുത്തിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃസമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം ലഭിച്ച തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക (ഉൽഭവത്തിൽ കുറവ് ചെയ്ത തുക) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|---|
| | | | | | | മുതൽ | പലിശ | |
| ലൈഫ് ഭവനം നിർമ്മാണം | ജി.ഒ.എം.എസ് 2278/ തസ്വഭവ 18.8.2018 | ₹5104472 | ₹3711141 | 0 | ₹3711141 | ₹1876166 | 0 | ₹1834975 |

വായ്പ തുക തിരിച്ചടച്ചതിന്റെ വിവരം താഴെ കൊടുക്കുന്നു.

| ജി.ഒ.പ്രോജക്ട് | | തുക |
|---|---|---|
| നമ്പർ | പേര് | |
| 159/23 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് -എസ്.സി.പി. | ₹14308 |
| 173/23 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് -എസ്.സി.പി. | ₹14308 |
| 158/23 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് -എസ്.സി.പി. | ₹231963 |
| 172/23 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് -എസ്.സി.പി. | ₹231963 |
| 156/23 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് -പൊതുവിഭാഗം | ₹691812 |
| 171/23 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് -പൊതുവിഭാഗം | ₹691812 |
| ആകെ | | ₹1876166 |

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹2692412 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| പലിശ | ₹61643 |
| ആകെ | ₹2754055 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ₹0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹2754055 |

പലിശയുൾപ്പെടെയുള്ള സ്ഥിര നിക്ഷേപമാണ് ₹27,54,055/-
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക | രസീത് നം./തീയതി |
|---|---|---|
| എനാനെല്ലൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | ₹2754055/- | 12033/20, 11.06.20 |
| ആകെ | ₹2754055 | |

## 4-7 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും,ഉദ്യോഗപ്പേരും | രസീത് നം./തിയതി |
|---|---|---|---|---|
| 2021-22 | 1-13(1) | 26907/- | ശ്രീ.ജയരാജ് പി എം, സെക്രട്ടറി | 1220203056/30.12.22 |
| 2021-22 | 1-13(2) | 21502/- | ശ്രീ.ജയരാജ് പി എം, സെക്രട്ടറി | 1220203057/30.12.22 |

| | | | | |
|---|---|---|---|---|
| 2021-22 | 1-14 | 1600/- | ശ്രീ.ജയരാജ് പി എം, സെക്രട്ടറി | 1220203149/11.01.23 |
| 2021-22 | 1-14 | 1600/- | ശ്രീ.ജയരാജ് പി എം, സെക്രട്ടറി | 1220203164/11.01.23 |
| 2021-22 | 1-14 | 1600/- | ശ്രീ.ജയരാജ് പി എം, സെക്രട്ടറി | 1220203167/11.01.23 |
| 2021-22 | 1-15 | 1600/- | ശ്രീ.ജയരാജ് പി എം, സെക്രട്ടറി | 1220203150/11.01.23 |
| 2021-22 | 1-15 | 800/- | ശ്രീ.ജയരാജ് പി എം, സെക്രട്ടറി | 1220203215/18.01.23 |
| 2021-22 | 1-15 | 1400/- | ശ്രീ.ജയരാജ് പി എം, സെക്രട്ടറി | 1220203121/09.01.23 |
| 2020-21 | 1-14 | 1600/- | ശ്രീ.ജയരാജ് പി എം, സെക്രട്ടറി | 1220203096/04.01.23 |
| 2016-17 | 2-3(2) | 360/- | ആമിന എം.എച്ച്, സെക്രട്ടറി | 1220200849/07.07.22 |
| 2016-17 | 2-5(2) | 100/- | ആമിന എം.എച്ച്, സെക്രട്ടറി | 1220200848/07.07.22 |
| | | 59069/- | | |

ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിച്ച തുകകൾ അതത് റവന്യൂ ഹെഡുകളിൽ തന്നെയാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡികകൾ ഉൾപ്പെട്ടിട്ടില്ല.

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഈയിനത്തിൽ തൻവർഷം വരവൊന്നുമില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹36819481 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹32927249 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 321441 |

എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ബി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 2071/- | ഡോ.ശിവപ്രിയ മെഡിക്കൽ ഓഫീസർ പി.എച്ച്.സി ആയവന |
| 1-17 | 195370/- | ഡോ.മഞ്ജു മെഡിക്കൽ ഓഫീസർ ആയുർവേദം |
| 1-27 | 100000 | സി വി പൗലോസ്, സെക്രട്ടറി |
| 1-37 | 24000 | സി വി പൗലോസ്, സെക്രട്ടറി |

| | | |
|---|---|---|
| ആകെ | 321441 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടം/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സി വി പൗലോസ്, സെക്രട്ടറി | സെക്രട്ടറി, ആയവന ഗ്രാമപഞ്ചായത്ത് | ചൊള്ളക്കാട്ട് ഈസ്റ്റ് മാറാടി പി.ഒ,മൂവാറ്റുപുഴ എറണാകുളം ജില്ല |
| ഡോ.ശിവപ്രിയ മെഡിക്കൽ ഓഫീസർ പി.എച്ച്.സി ആയവന | ഡോ.ശിവപ്രിയ മെഡിക്കൽ ഓഫീസർ പി.എച്ച്.സി ആയവന | മണൽതാഴത്ത് വീട് തൃക്കാരിയൂർ പി ഒ കോതമംഗലം |
| ഡോ.മഞ്ജു മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.മഞ്ജു മെഡിക്കൽ ഓഫീസർ ആയുർവേദ ഡിസ്പെൻസറി,ആയവന | കറുകപിള്ളി വാര്യം കറുകപ്പിള്ളി പി ഒ കോലഞ്ചേരി പിൻ 682311 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ഇ(പി3)112/98 തീ. 16.04.98 |
| 1997-98 | എൽ.എഫ്.ഇ.(പി5)1028/02 തീ. 14.02.02 |
| 1998-99 | എൽ.എഫ്.ഇ.(പി5)848/03 തീ. 31.03.04 |
| 1999-00, 2000-01 | എൽ.എഫ്.ഇ.(പി5)342/06 തീ. 09.11.06 |
| 1997-98 | എൽ.എഫ്.ഇ.(പി5)1978/07 തീ.30.09.08 |
| 1998-99 | എൽ.എഫ്.ഇ.(പി5)1979/07 തീ. 30.09.08 |
| 1999-00 | എൽ.എഫ്.ഇ(പി5)1980/07 തീ. 30.09.08 |
| 2000-01 | എൽ.എഫ്.ഇ(പി5)1981/07 തീ. 30.09.08 |
| 2001-02 | എൽ.എഫ്.ഇ(പി5)1982/07 തീ. 30.09.08 |
| 2002-03 | എൽ.എഫ്.ഇ(പി5)811/10 തീ. 27.10.11 |
| 2003-04 | എൽ.എഫ്.ഇ(പി5)812/10 തീ. 27.10.11 |
| 2004-05 | കെ.എസ്.എ-ഇ.കെ.എം പി8/190/21/30.3.21 |
| 2005-06 | കെ.എസ്.എ-ഇ.കെ.എം പി8/190/21/30.3.21 |
| 2006-07 | കെ.എസ്.എ-ഇ.കെ.എം പി8/719/21/29.7.19 |
| 2008-09 | കെ.എസ്.എ-ഇ.കെ.എം പി8/719/21/29.7.19 |
| 2009-10 | കെ.എസ്.എ-ഇ.കെ.എം പി8/719/21/29.7.19 |
| 2010-11, 2011-12 | കെ.എസ്.എ-ഇ.കെ.എം പി8/719/21/29.7.19 |
| 2012-13 | കെ.എസ്.എ-ഇ.കെ.എം പി8/719/21/29.7.19 |
| 2013-14, 2014-15 | കെ.എസ്.എ-ഇ.കെ.എം പി8/719/21/29.7.19 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം പി8/719/21/29.7.19 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം പി.ജി/1071/20/6.2.21 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം പി.ജി/1071/20/6.2.21 |
| 2018-19 | കെ.എസ്.എ-ഇ.കെ.എം പി8/250/20/17.6.20 |

| | |
|---|---|
| 2019-20 | കെ.എസ്.എ- ഇ.കെ.എം.(പി8)986/21 |
| 2020-21 | കെ.എസ്.എ-ഇ.കെ.എം.പി8/987/2021 /13/09/2021 |
| 2021-22 | കെ.എസ്.എ-ഇ.കെ.എം.പി8/1600/2022/07/11/22 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 22-07-2023 and submitted on 24-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Ayavana Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Ayavana Grama Panchayat for the year 2022-2023

Date: 04/12/2023

Deputy Director
District Office Ernakulam
Kerala State Audit Department

## Audit Report appended to the Audit Certificate of Ayavana Grama Panchayat for the Year 2022-2023.

**1.Major Observations**

1.Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information

2.Lack of Panchayath Raj Budget rules adversely affecting budgetary control system.

3.The Asset value shown in Balance sheet is not traceable to Asset Register due to unsupported design of existing asset register.

4.Non inclusion of Notes to accounts in Financial statements and non disclosure of material facts.

5.Generation of financial reports showing contradictory information due to non integration of Accounting software with other related softwares.

**2.Other Observations**

1. Figore shown as excess of Income over expenditure in B1 schedule does not tally with excess of income over expenditure/deficit shown in Income and expenditure account.

2. Non inclusion of ratios

3. Cash Flow statement -Net increase/decrease in cash flow does not match withdifference between opening balance and closing balance of cash and cash equivalents.

4.The supporting details of balance in block and district panchayath share for Join venture projects is not provided with the AFS.

5.Value of stock was not included in AFS

6. Amount of health grant does not match with financial statements.

7Advance payment of water charge does not match with financial statements.

8 E tender form fee was not included in AFS

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ആയവന ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്